14
2024
നവംബർ
വ്യാഴം
തുലാം 29

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.8 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-8 പേജ് 4. വില 2.00 രൂപ




02 ആത്മകഥാ വിവാദം; ഡിസി ബുക്ക്സിന് ഇ.പി. ജയരാജന്റെ വക്കീൽ നോട്ടീസ്
03 ബീമാപള്ളി ഉറൂസ് ഡിസംബർ 3 മുതൽ 13 വരെ
04 ലോക പ്രമേഹരോഗ ദിനം നവംബർ 14 ആഗോള ആരോഗ്യ ശാക്തികരണം

## കടലിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ പദ്ധതിക്ക് തുടക്കമായി



കടലിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ പദ്ധതിയുടെ ഉദ്ഘാടനത്തിന്റെ ഭാഗമായി കേന്ദ്ര ഫിഷറീസ് വകുപ്പ് സഹമന്ത്രി ജോർജ് കുര്യനും സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാനും ചേർന്ന് മത്സ്യവിത്തുകൾ നിക്ഷേപിക്കുന്നതിന്റെ ഫ്ലാഗ് ഓഫ് നിർവഹിക്കുന്നു

കേരളത്തിന്റെ തീരക്കടലിൽ സുസ്ഥിര മത്സ്യബന്ധനവും മെച്ചപ്പെട്ട ജീവനോപാധിയും പ്രോത്സാഹിപ്പിക്കുന്നതിനായി കൃത്രിമപ്പാരുകൾ സ്ഥാപിച്ച് മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം ഫിഷറീസ് മന്ത്രി സജി ചെറിയാന്റെ അധ്യക്ഷതയിൽ കേന്ദ്ര ഫിഷറീസ് വകുപ്പ് സഹമന്ത്രി ജോർജ് കുര്യൻ നിർവഹിച്ചു. വിഴിഞ്ഞം നോർത്ത് ഹാർബറിൽ നടന്ന പരിപാടിയിൽ സിൽവർ പൊമ്പാനോ ഇനത്തിൽ പെട്ട 22,000 മത്സ്യകുഞ്ഞുങ്ങളെയാണ് കടലിൽ നിക്ഷേപിച്ചത്. കേന്ദ്ര ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരികയാണെന്നും ഫിഷറീസ് മേഖലയുടെ മുന്നേറ്റത്തിന് ഇത് കാരണമായെന്നും ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി ജോർജ് കുര്യൻ പറഞ്ഞു. കൃത്രിമപ്പാരുകളുടെ കാര്യത്തിൽ സംസ്ഥാനം ഏറെ മുന്നേറിയിട്ടുണ്ട്. എല്ലാ ഫിഷിങ് ബോട്ടുകളിലും ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുന്നതിന് സർക്കാർ സഹായം ലഭ്യമാക്കും. 60% ചെലവ് കേന്ദ്രവും 40% സംസ്ഥാനവും വഹിക്കുമെന്നും മന്ത്രി പറഞ്ഞു. കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതിക പ്രശ്നങ്ങളും മാലിന്യപ്രശ്നവും നിമിത്തം മത്സ്യ സമ്പത്തിൽ വലിയ തോതിലുള്ള കുറവ് സംഭവിച്ച കാലമാണിതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൃത്രിമപ്പാരുകൾ നിക്ഷേപിക്കാനുള്ള പദ്ധതി ആരംഭിച്ചത്. മത്സ്യ ലഭ്യത കൂട്ടുക എന്ന ലക്ഷ്യം കൈവരിക്കാൻ കടലിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ പദ്ധതിയിലൂടെ സാധ്യമാകും. ഇതിന്റെ ഭാഗമായി നിക്ഷേപിക്കുന്ന 10 ലക്ഷം മത്സ്യകുഞ്ഞുങ്ങൾ വളർന്ന് 8 കിലോ തൂക്കം വരെ ആകുന്നവയാണെന്നും മന്ത്രി പറഞ്ഞു. ഒൻപത് തീരദേശ ജില്ലകളിലും തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനാണ് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ലക്ഷ്യമിടുന്നത്. ആദ്യ ഘട്ടമായി തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ 42 സ്ഥലങ്ങളിലായി 6,300 കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ യഥാക്രമം 60 : 40 അനുപാതത്തിൽ ആകെ 13.02 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കി. അതനുസരിച്ച് 6,300 കൃത്രിമപ്പാരുകൾ നിക്ഷേപിക്കുകയും ചെയ്തു. പാരുകളിൽ കൂടുതൽ മത്സ്യലഭ്യത ഉറപ്പാക്കുന്നതിനും ജില്ലയിലെ പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് വർധിച്ച തോതിൽ മത്സ്യം ലഭിക്കുന്നതിനും അനുയോജ്യമായ മത്സ്യ വിത്ത് നിക്ഷേപം നടത്തുകയാണ് സീ റാഞ്ചിംഗ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എൻഎഫ്ഡിബി മുഖാന്തരം മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. നിശ്ചിത അകലങ്ങളിലുള്ള 10 കൃത്രിമപ്പാരു സൈറ്റുകളിൽ പൊമ്പാനോ, കോബിയ തുടങ്ങിയ മത്സ്യ വിത്തുകൾ ഒരു പാരിൽ ഒരു ലക്ഷം എന്ന ക്രമത്തിൽ ആകെ 10 ലക്ഷം മത്സ്യ വിത്തുകളാണ് നിക്ഷേപിക്കുന്നത്. 8 മുതൽ 10 ഗ്രാം വരെ വളർച്ചയെത്തിയ മത്സ്യകുഞ്ഞുങ്ങളെയാണ് പദ്ധതി പ്രകാരം നിക്ഷേപിക്കുക.

## മുനമ്പം: പ്രശ്നപരിഹാരം നീട്ടിക്കൊണ്ടുപോകരുതെന്ന് ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ

തിരുവനന്തപുരം: ഉപതെരഞ്ഞെടുപ്പിന്റെ പേരിൽ മുനമ്പത്തെ പ്രശ്നപരിഹാരം നീട്ടിക്കൊണ്ടുപോകരുതെന്ന് ലത്തീൻ അതിരൂപത ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ. പരിഹാര നടപടികൾ നീട്ടിക്കൊണ്ടുപോകുന്നത് പ്രശ്നങ്ങൾ വഷളാക്കാനും തത്പരകക്ഷികൾക്ക് അവരുടെ ലക്ഷ്യങ്ങളിലേക്ക് എത്തിച്ചേരാനും മാത്രമേ ഉപകാരപ്പെടുകയുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മുനമ്പം സമരത്തിന് പിന്തുണ അർപ്പിച്ച് കത്തോലിക്ക രൂപതകളും ക്രൈസ്തവ സഭാ വിഭാഗങ്ങളും സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ, സന്നദ്ധ പ്രവർത്തകരും സംയുക്തമായി പാളയം രക്തസാക്ഷി മണ്ഡപത്തിൽ സംഘടിപ്പിച്ച പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മുനമ്പത്തെ ഭൂമിയുടെ പേരിലുള്ള ഏറ്റവും വലിയ അവകാശം അവിടെ ജനിച്ചു ജീവിക്കുന്ന മനുഷ്യർക്കാണ്. കോടതി വ്യവഹാരത്തിലൂടെ തീരദേശ ജനതയെ ആജീവനാന്ത ആശങ്കയിൽ നിലനിർത്തുവാൻ കഴിയില്ല. അവർ നേരിടുന്ന പ്രശ്നത്തിന് ശാശ്വതമായ പരിഹാരവും അർഹമായ നീതിയും ലഭ്യമാകണം. അതിനായി സർക്കാർ എത്രയും വേഗം നീതിപൂർവമായ ഇടപെടൽ നടത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പീഡനവും വേദനയും അനുഭവിക്കുന്ന ജനസമൂഹത്തോട് ഐക്യപ്പെടുക എന്നത് ഏതൊരു മനുഷ്യസ്നേഹിയുടെയും കടമയാണെന്ന് മലങ്കര കത്തോലിക്കാ സഭ തിരുവനന്തപുരം മേജർ അതിരൂപത സഹായ മെത്രാൻ മാത്യൂസ് മാർ പോളികാർപ്പസ് പറഞ്ഞു.

മുനമ്പത്തേത് ഏതെങ്കിലും മതവിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നമല്ല. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന ജീവിക്കാൻ വേണ്ടിയുള്ള അവകാശത്തിനു വേണ്ടിയാണ് മുനമ്പത്തെ ജനങ്ങളുടെ സമരം. സമരത്തിന് തിരുവനന്തപുരം മേജർ അതിരൂപതയുടെയും കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കബാവയുടെയും പിന്തുണയും ഐക്യദാർഢ്യവും രേഖപ്പെടുത്തുന്നതായും അദ്ദേഹം അറിയിച്ചു. മുനമ്പത്തെ ജനങ്ങൾക്ക് നീതി ലഭ്യമാക്കാൻ സർക്കാർ ഇനി ഒരു നിമിഷം പോലും വൈകരുതെന്ന് കെപിസിസി മുൻ പ്രസിഡൻറ് വി.എം സുധീരൻ പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന വഖഫ് ബോർഡിനെ അന്യായമായ അവകാശവാദങ്ങളിൽ നിന്നു പിന്തിരിപ്പിക്കാൻ സർക്കാരിനു കഴിയണമെന്നും സുധീരൻ കൂട്ടിച്ചേർത്തു.

മുനമ്പത്തെ പാവപ്പെട്ട ജനങ്ങളുടെ മണ്ണ് അവരുടേത് തന്നെയായിരിക്കുമെന്ന് ഉറപ്പാണെന്നും അതു തന്നെയാണ് സംസ്ഥാന സർക്കാരിന്റെയും നിലപാടെന്നും സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു.

നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരുപാട് കടമ്പകൾ മറികടക്കേണ്ടതുണ്ട്. അതിനായി ഭൗതികവാദികളും ആത്മീയവാദികളും കൈകോർത്ത് നിൽക്കേണ്ട സമയമാണിതെന്നും ബിനോയ് വിശ്വം പറഞ്ഞു.വിഷയത്തിൽ താത്കാലിക നടപടികളല്ല ശാശ്വതമായ പരിഹാരമാണുണ്ടാകേണ്ടതെന്ന് തിരുവനന്തപുരം ലൂർദ് ഫൊറോന വികാരി ഫാ. മോർളി കൈതപ്പറമ്പിൽ പറഞ്ഞു. കെആർഎൽസിസി സെക്രട്ടറി ഫാ. തോമസ് തറയിൽ വിഷയാവതരണം നടത്തി.

മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡൻറ് ബീമാപള്ളി റഷീദ്, ഏകലവ്യാശ്രമം മഠാധിപതി സ്വാമി അശ്വതി തിരുനാൾ, കെഎൽസിഡബ്ല്യുഎ തിരുവനന്തപുരം രൂപത പ്രസിഡൻറ് ജോളി പത്രോസ് തുടങ്ങിയവർ പ്രസംഗിച്ചു.




## സരിൻ അവസരവാദി, സ്വതന്ത്രർ വയ്യാവേലി: ഇ. പിയുടെ 'കട്ടൻചായയും പരിപ്പുവടയും' ചൂടുപിടിക്കുന്നു

കണ്ണൂർ: ചേലക്കര, വയനാട് മണ്ഡലങ്ങളിൽ വോട്ടിങ് പുരോഗമിക്കവെ പാർട്ടിയെ വെട്ടിലാക്കി സിപിഎം കേന്ദ്രകമ്മിറ്റിയംഗം ഇ.പി. ജയരാജന്റെ ആത്മകഥ. 'കട്ടൻചായയും പരിപ്പുവടയും ഒരു കമ്യൂണിസ്റ്റിന്റെ ജീവിതം' എന്ന് പേരിട്ടിരിക്കുന്ന പുസ്തകത്തിൽ നിരവധി തുറന്നുപറച്ചിലുകളാണുള്ളത്. പുറത്തുവന്ന ആത്മകഥാംശങ്ങൾ ചൂടുപിടിച്ച ചർച്ചകൾക്കാണ് വഴിവച്ചിരിക്കുന്നത്. പാലക്കാട്ടെ എൽഡിഎഫ് സ്ഥാനാർഥി പി. സരിൻ അവസരവാദിയാണെന്ന് പുസ്തകം പറയുന്നു. സ്വതന്ത്രർ വയ്യാവേലി ആകും. ഇഎംഎസ് തന്നെ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. പി. വി. അൻവറിന്റെ ഉദാഹരണം ചൂണ്ടിക്കാട്ടിയാണ് ഇപിയുടെ വിമർശനം.

എൽഡിഎഫ് കൺവീനർ സ്ഥാനത്തുനിന്നും മാറ്റിയതിൽ തനിക്ക് മനഃപ്രയാസം ഉണ്ടെന്നും പാർട്ടി തന്നെ മനസിലാക്കിയില്ലെന്നും അദ്ദേഹം പറയുന്നു. പ്രകാശ് ജാവ്ദേക്കർ കൂടിക്കാഴ്ച വിവാദം ആക്കിയതിന് പിന്നിൽ ഗൂഢാലോചനയുണ്ടെന്നും അദ്ദേഹം തുറന്നടിക്കുന്നു. തന്റെ നിലപാട് കേന്ദ്ര കമ്മിറ്റിയിൽ വിശദീകരിച്ചു. കൂടിക്കാഴ്ച വ്യക്തിപരമായിരുന്നു. ഒന്നര വർഷത്തിന് ശേഷം അത് വിവാദമാക്കിയതിന് പിന്നിൽ ഗൂഢാലോചനയുണ്ട്. ശോഭ സുരേന്ദ്രൻ പറഞ്ഞത് പച്ചക്കള്ളം. ശോഭയെ കണ്ടത് ഒരു തവണ മാത്രമാണ്. അതും പൊതുസ്ഥലത്ത് വെച്ചാണെന്നും അദ്ദേഹം പറയുന്നു. മരിക്കുംവരെ സിപിഎം ആയിരിക്കും. പാർട്ടി വിടുമെന്ന് സ്വപ്നം കണ്ടാൽ താൻ മരിച്ചു എന്നർഥമെന്നും അദ്ദേഹം പറയുന്നു.

'കട്ടൻചായയും പരിപ്പുവടയും ഒരു കമ്യൂണിസ്റ്റിന്റെ ജീവിതം' എന്ന പേരിലാണ് ആത്മകഥ പുറത്തിറങ്ങുന്നത്. ഡിസി ബുക്സ് ആണ് പ്രസാധകർ. പുസ്തകത്തിന്റെ കവർപേജ് ഡിസി ബുക്സ് നേരത്തെ പുറത്തിറക്കിയിരുന്നു. പുസ്തകം ഇന്നുമുതൽ വായനക്കാർക്ക് മുന്നിലെത്തുമെന്നാണ് വിവരം.

## ഫൈബർവള്ളത്തിൽ ബോട്ടിടിച്ച് അപകടം; രണ്ടുപേരെ രക്ഷപ്പെടുത്തി

വടകര: വടകരയ്ക്കടുത്ത് ചോമ്പാലയിൽ ഫൈബർ വള്ളത്തിൽ ട്രോളിങ് ബോട്ടിടിച്ചുണ്ടായ അപകടത്തിൽപ്പെട്ട രണ്ടു മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി. ചോമ്പാലയിൽനിന്ന് നജാത്ത് ഫൈബർ വള്ളത്തിൽ മത്സ്യബന്ധനത്തിനുപോയ മൂസ (46), അഷറാഫ് (46) എന്നിവരെയാണ് ചോമ്പാല ഹാർബറിന് 12 കിലോമീറ്റർ അകലെവെച്ച് ട്രോളിങ് ബോട്ടിടിച്ചുതെറിപ്പിച്ചത്. ഇവർ ഉപയോഗിച്ച വള്ളവും വലയും എൻജിനുമെല്ലാം നഷ്ടപ്പെട്ടു. മണിക്കൂറുകൾ കടലിലകപ്പെട്ട രണ്ടുപേരെയും കടലിൽ മത്സ്യബന്ധനം നടത്തുകയായിരുന്ന 'ശിവ ഗംഗ' വള്ളത്തിലെ തൊഴിലാളികൾ രക്ഷപ്പെടുത്തുകയായിരുന്നു.

പരിക്കേറ്റ മിക്ക അപകടങ്ങളിലും രക്ഷകരായി എത്തുന്നത് കടൽത്തൊഴിലാളികളാണ്. ബേപ്പൂർ, പുതിയാപ്പ, മംഗളൂരു ഭാഗങ്ങളിൽ നിന്ന് ഒന്നും രണ്ടും ആഴ്ച കടലിൽ തങ്ങി മത്സ്യബന്ധനം നടത്തുന്നവരാണ് വമ്പൻ ട്രോളിങ് ബോട്ടുകൾ. പരമ്പരാഗത മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് വലിയ ബോട്ടുകാർ കാരണം രാത്രികാല മത്സബന്ധനം നടത്താൻ കഴിയാത്ത അവസ്ഥയാണ്. ഉപരിതല മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ജീവനും തൊഴിൽ സുരക്ഷിതത്വത്തിനും വലിയ ഭീഷണിയാണ് കടലിൽ നേരിടുന്നത്.

കടലിൽ അനധികൃത മത്സ്യബന്ധനം നടത്തുന്നവരെ നിയന്ത്രിക്കാനോ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കാനോ ഫിഷറീസ് വകുപ്പിനോ കോസ്റ്റൽ പൊലീസിനോ സംവിധാനമില്ലെന്ന് കടൽത്തൊഴിലാളികൾ ആരോപിക്കുന്നു.




സ്വാമി ചാറ്റ് ബോട്ടിന്റെ ലോഗോ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# സ്വാമി ചാറ്റ് ബോട്ട് ലോഗോ അനാവരണം മുഖ്യമന്ത്രി നിർവഹിച്ചു

ശബരിമല ക്ഷേത്രത്തിലേക്കുള്ള തീർത്ഥാടന അനുഭവം വർധിപ്പിക്കുന്നതിനായി ജില്ലാ ഭരണ സംവിധാനം നിർമ്മിക്കുന്ന "സ്വാമി ചാറ്റ് ബോട്ട് " എ.ഐ അസ്സിസ്റ്റന്റിന്റെ ലോഗോ അനാവരണം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സ്മാർട്ട് ഫോൺ ഇന്റർഫേസിലൂടെ അക്സസ് ചെയ്യാവുന്ന സ്വാമി ചാറ്റ് ബോട്ട് ഇംഗ്ലീഷ്,ഹിന്ദി, മലയാളം, തെലുങ്ക്, തമിഴ്, കന്നഡ തുടങ്ങി ആറു ഭാഷകളിൽ സമഗ്ര സേവനം ഉറപ്പ് വരുത്തുന്നു. നടതുറപ്പ്, പൂജാസമയം തുടങ്ങിയ ക്ഷേത്ര കാര്യങ്ങളും വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും ഭക്തർക്ക് ഇതിലൂടെ ലഭ്യമാകും.

പോലീസ്, വനം തുടങ്ങിയ പ്രധാന വിഭാഗങ്ങളുടെ സേവനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്ന സ്വാമി ചാറ്റ് ബോട്ടിലൂടെ അപകട രഹിതവും കൃത്യവുമായ തീർത്ഥാടന അനുഭവം ഭക്തർക്ക് ഉറപ്പ് വരുത്താനാകും. ആധുനികമായ ഈ ഡിജിറ്റൽ സംവിധാനത്തിന്റെ പ്രവർത്തനത്തിലൂടെ ശബരിമല യാത്ര കൂടുതൽ സൗകര്യപ്രദവും സുരക്ഷിതവുമാക്കി സേവനങ്ങൾ ഭക്തർക്ക് എത്രയും വേഗം എത്തിക്കാനാവുമെന്ന് ജില്ലാ ഭരണകൂടം വ്യക്തമാക്കി. മുത്തൂറ്റ് ഗ്രൂപ്പിന്റെ സഹകരണത്തോടെയാണ് സംവിധാനം ഒരുക്കിയത്.

ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി എസ് കാർത്തികേയൻ, ദേവസ്വം ബോർഡ് സെക്രട്ടറി ടി വി അനുപമ, തിരുവല്ല സബ് കളക്ടർ സുമിത് കുമാർ താക്കൂർ, പത്തനംതിട്ട കളക്ടർ പ്രേം കൃഷ്ണൻ എസ്, മുത്തൂറ്റ് ചീഫ് മാനേജർ സുബ്രമണ്യൻ എസ്, ടെക്നിക്കൽ സപ്പോർട്ട് ബ്ലസൻ കുര്യൻ തോമസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# മീനച്ചിൽ നദീതട പദ്ധതിക്ക് തുടക്കമാകുന്നു; ഡിപിആർ തയാറാക്കുന്നതിന് ധാരണാപത്രം ഒപ്പിട്ട് ജലസേചന വകുപ്പ്

തിരുവനന്തപുരം: ഇടുക്കിയിൽ വൈദ്യുതോത്പാദനത്തിന് ശേഷം വരുന്ന അധികജലം മീനച്ചിലാറിൽ എത്തിച്ച് കുടിവെള്ളത്തിനും ജലസേചനത്തിനും ഉപയോഗപ്പെടുത്തുന്നതിനുള്ള മീനച്ചിൽ നദീതട പദ്ധതിയുടെ ഡിപിആർ തയാറാക്കുന്നതിന് കേന്ദ്ര ഏജൻസിയായ വാപ്കോസുമായി ജലസേചന വകുപ്പ് ധാരണാപത്രം ഒപ്പിട്ടു. മന്ത്രി റോഷി അഗസ്റ്റിന്റെ സാന്നിധ്യത്തിൽ ജലസേചന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹയാണ് സംസ്ഥാനത്തിന് വേണ്ടി ഒപ്പുവച്ചത്.

ഡിപിആർ ലഭിച്ചാൽ ഉടൻ പദ്ധതിക്ക് തുടക്കം കുറിക്കുമെന്ന് മന്ത്രി റോഷി അറിയിച്ചു. നേരത്തേ പദ്ധതിയുടെ പഠന റിപ്പോർട്ട് മന്ത്രി റോഷി അഗസ്റ്റിന് വാപ്കോസ് പ്രതിനിധി അമിതാഭ് ത്രിപാഠി കൈമാറിയിരുന്നു. മൂലമറ്റം നിലയത്തിലെ വൈദ്യുതി ഉത്പാദനത്തിനുശേഷം അധികമുള്ള ജലം മീനച്ചിലാറ്റിലേക്കു തിരിച്ചുവിട്ട് വർഷം മുഴുവനും സുസ്ഥിരമായ ഒഴുക്ക് നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാന ബജറ്റിൽ മൂന്നുകോടി രൂപ അനുവദിച്ചിരുന്നു.

കുടിവെള്ളത്തിനു പുറമേ മീനച്ചിൽ കോട്ടയം ചങ്ങനാശേരി താലൂക്കുകളിൽ കൃഷിക്കായുള്ള ജലസേചനവും പദ്ധതി ലക്ഷ്യമിടുന്നു. മീനച്ചിലാറിൽ വർഷം മുഴുവൻ ജലസമൃദ്ധമാകുന്നതോടെ കുടിവെള്ളക്ഷാമം പരിഹരിക്കാനും കഴിയും. താഴ്ന്ന മേഖലയിൽ വേനൽക്കാലത്ത് ഓരുവെള്ളം കയറുന്നതു തടയാനും പദ്ധതി ഉപകരിക്കും.

അറക്കുളം മൂന്നുങ്കവയലിൽ ചെക്ഡാം പണിത് ഇവിടെനിന്നു 500 മീറ്റർ കനാൽ നിർമിച്ച് അതിലൂടെ എത്തുന്ന വെള്ളം 6.5 കിലോമീറ്റർ ടണൽ നിർമിച്ച് അതിലൂടെ കോട്ടയം ജില്ലയിൽ മൂന്നിലവ് പഞ്ചായത്തിൽ എത്തിക്കും. ഇവിടെനിന്നു 200 മീറ്റർ ചാലു കീറി വെള്ളം കടപുഴയിലേക്ക് എത്തിക്കുന്നതാണ് പദ്ധതി. മുൻ മന്ത്രി കെ. എം. മാണി വിഭാവനം ചെയ്ത സ്വപ്ന പദ്ധതിയാണിത്. അന്ന് പഠന റിപ്പോർട്ട് ലഭിക്കുകയും ടണൽ അടിക്കാനായി ഭൂമിക്കടിയിലെ പാറ നിർണയിക്കാനുള്ള റിഫ്രാക്ഷൻ സർവേക്ക് ബംഗളൂരു ആസ്ഥാനമായുള്ള ഏജൻസിയുമായി ചർച്ച പൂർത്തിയാക്കുകയും ചെയ്തിരുന്നു. പിന്നീട് സാങ്കേതിക കാരണങ്ങളാൽ പദ്ധതി വൈകുകയായിരുന്നു. വേനൽക്കാലത്ത് വറ്റിവരളുന്ന മീനച്ചിൽ നദി ജലസമൃദ്ധമാക്കുന്നതാണ് മീനച്ചിൽ നദീതട പദ്ധതി. ഇതു യാഥാർഥ്യമാകുന്നതോടെ നദിയിൽ നിന്നുള്ള വെള്ളത്തെയും അതിൽ നിന്ന് വെള്ളമെടുക്കുന്ന വിവിധ ജലസേചന, കുടിവെള്ള പദ്ധതികളെയും ആശ്രയിക്കുന്ന കർഷക സമൂഹത്തിന് വലിയ പിന്തുണയാകും. കെ. എം. മാണി വിഭാവനം ചെയ്ത പദ്ധതി പ്രകാരം മീനച്ചിൽ തടത്തിൽ 75 മീറ്റർ ഉയരത്തിൽ 228 ഹെക്ടർ ജലസംഭരണി വിസ്തൃതിയുള്ള അണക്കെട്ട് നിർമിക്കാനായിരുന്നു പ്രാഥമിക നിർദേശം. കെഎസ്ഇബി മീനച്ചിൽ തടത്തിൽ വഴിക്കടവിൽ നിന്ന് ഇടുക്കി അണക്കെട്ടിലേക്ക് തുരങ്കം നിർമിച്ച് ഡൈവേർഷൻ വെയർ വഴി വെള്ളം തിരിച്ചുവിടാൻ തുടങ്ങിയതോടെ പദ്ധതി തടസപ്പെട്ടു. എന്നാൽ, സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി, അടുക്കത്ത് അണക്കെട്ട് നിർമാണം അസാധ്യമാണെന്ന് കണ്ടെത്തി. അതിനുപകരം മലങ്കര അണക്കെട്ടിന്റെ മുകൾഭാഗത്ത് നിന്ന് വെള്ളം തിരിച്ചുവിടുന്നതിനും മീനച്ചിലിലും അതിന്റെ മൂന്ന് പ്രധാന കൈവഴികളിലും മിനി ഡാമുകൾ നിർമിക്കുന്നതിനും ബദൽ പദ്ധതി ശുപാർശ ചെയ്തു.

# ആത്മകഥാ വിവാദം: മാധ്യമങ്ങളുടെ സമീപനം സദുദ്ദേശ്യപരമല്ലെന്ന് ടി. പി. രാമകൃഷ്ണൻ

പാലക്കാട്: ഇ. പി. ജയരാജന്റെ ആത്മകഥാ വിവാദം വീണ്ടും ചർച്ചയാക്കുന്ന മാധ്യമങ്ങളുടെ സമീപനം സദുദ്ദേശ്യപരമല്ലെന്ന് എൽഡിഎഫ് കൺവീനർ ടി. പി. രാമകൃഷ്ണൻ. പാലക്കാട്ടെയും ചേലക്കരയിലെയും എൽഡിഎഫ് മുന്നേറ്റം തടയുകയാണ് ഇതിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. ഇ. പിയുടെ പ്രതികരണത്തോടെ വിവാദം അവസാനിക്കണമായിരുന്നു. ഇ. പി പറയാത്ത കാര്യങ്ങൾ ബുക്കിലുണ്ട് എന്ന് പറയുന്നത് വലിയ ഗൂഢാലോചനയുടെ ഭാഗമാണ്. പ്രകാശനം ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദീകരിക്കേണ്ടത് അദ്ദേഹമാണെന്നും ടി. പി. രാമകൃഷ്ണൻ കൂട്ടിച്ചേർത്തു. ഇ. പി മനഃപൂർവം പ്രചാരവേല സൃഷ്ടിക്കില്ല. അദ്ദേഹം പറയുന്നതാണോ പ്രസാദകർ പറയുന്നതാണോ വിശ്വസിക്കാൻ കഴിയുക എന്നത് പരിശോധനയിൽ മാത്രമാണ് വ്യക്തമാകുക. ആത്മകഥയ്ക്ക് ആരും എതിരല്ല. പാർട്ടി തീരുമാനം ആലോചിച്ച ശേഷം വ്യക്തമാക്കുമെന്നും ടി. പി. രാമകൃഷ്ണൻ പറഞ്ഞു.

# പെരുമാറ്റച്ചട്ടലംഘനം: പി. വി. അൻവറിനെതിരേ കേസെടുക്കാൻ കോടതി അനുമതി തേടി ചേലക്കര പോലീസ്

കോഴിക്കോട്: നിലമ്പൂർ എംഎൽഎ പി. വി. അൻവറിനെതിരേ കേസെടുക്കാൻ കോടതിയുടെ അനുമതി തേടി ചേലക്കര പോലീസ്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ലംഘിച്ചുവെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി. കോടതിയുടെ അനുമതി ലഭിച്ചാൽ ഉടൻ കേസെടുക്കും. അൻവറിനെതിരേ കേസെടുക്കാൻ തൃശൂർ ജില്ലാ കളക്ടർ നിർദേശം നൽകിയിരുന്നു. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് വിവേകിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. വാർത്താ സമ്മേളനം നടത്തരുതെന്ന് നോട്ടീസ് നൽകിയിട്ടും നിർദേശം ലംഘിച്ച് പി. വി. അൻവർ വാർത്താ സമ്മേളനം നടത്തിയെന്നാണ് കണ്ടെത്തൽ. ഉപതെരഞ്ഞെടുപ്പ് നടക്കുന്ന ചേലക്കരയിൽ ചൊവ്വാഴ്ച രാവിലെയാണ് പി. വി. അൻവർ വാർത്താസമ്മേളനം വിളിച്ചുചേർത്തത്. ഇവിടുത്തെ പരസ്യപ്രചാരണം തിങ്കളാഴ്ച സമാപിച്ചിരുന്നു. വാർത്താസമ്മേളനം തുടരുന്നതിനിടെ പി. വി. അൻവറിനോട് ഇത് നിർത്താൻ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു. എന്നാൽ, ഉദ്യോഗസ്ഥരോട് അൻവർ തർക്കിക്കുയായിരുന്നു. മുഖ്യമന്ത്രി പിണറായി വിജയന് വേണ്ടിയാണ് പോലീസ് തന്റെ വാർത്താസമ്മേളനം തടയുന്നതെന്നും അൻവർ ആരോപിച്ചു. തുടർന്ന് അൻവറിന് നോട്ടീസ് നൽകിയ ശേഷം ഉദ്യോഗസ്ഥർ മടങ്ങുകയായിരുന്നു.

# ആത്മകഥാ വിവാദത്തിലെ പോസ്റ്റുകൾ പിൻവലിച്ച് മാപ്പുപറയണം; ഡിസി ബുക്ക്സിന് ഇ.പി. ജയരാജന്റെ വക്കീൽ നോട്ടീസ്

തിരുവനന്തപുരം: ആത്മകഥാ വിവാദത്തിൽ സിപിഎം കേന്ദ്ര കമ്മിറ്റി അംഗം ഇ.പി. ജയരാജൻ ഡിസി ബുക്ക്സിന് വക്കീൽ നോട്ടീസയച്ചു. ഡിസി മാപ്പുപറയണമെന്ന് ജയരാജന്റെ വക്കീൽ നോട്ടീസിൽ പറയുന്നു.

ഡിസി ബുക്ക്സ് പുറത്തുവിട്ട ആത്മകഥ എന്ന ഭാഗം പിൻവലിക്കണം. എല്ലാ പോസ്റ്റുകളും പിൻവലിച്ച് മാപ്പുപറയണമെന്നും ഇ.പി.യുടെ നോട്ടീസിൽ ആവശ്യപ്പെടുന്നു. അഡ്വ. കെ. വിശ്വൻ മുഖേനയാണ് ജയരാജൻ ഡിസി ബുക്ക്സിന് വക്കീൽ നോട്ടീസ് അയച്ചത്. തെരഞ്ഞെടുപ്പ് ദിവസം വ്യാജ വാർത്ത പ്രചരിപ്പിച്ചതിന് പിന്നിൽ ഗൂഢാലോചനയെന്ന് ഇ.പി. ജയരാജൻ നേരത്തെ പറഞ്ഞിരുന്നു. തന്റെ ആത്മകഥ പ്രസിദ്ധീകരിക്കാൻ ആരെയും ചുമതലപ്പെടുത്തിയിട്ടില്ലെന്നും ജയരാജൻ പറഞ്ഞു.

പല പ്രസാധകരും തന്നോട് ചോദിച്ചിരുന്നു. എല്ലാം പൂർത്തീകരിച്ച് വായിച്ചുനോക്കി പ്രിൻറിംഗിലേക്ക് കൊടുക്കാമെന്നാണ് വിചാരിച്ചിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

സംശയാസ്പതമായ കാര്യങ്ങളിലൂടെ പറയുന്നത് ശരിയല്ല. അന്വേഷിച്ച് കണ്ടെത്തേണ്ട കാര്യങ്ങളുണ്ട്. കാര്യങ്ങളിൽ ഇനിയും വ്യക്തത വരാനുണ്ട്. ഡിസി ബുക്ക്സിനെ താൻ പ്രസിദ്ധീകരണത്തിന് ഏൽപ്പിച്ചിട്ടില്ല. താൻ എഴുതിക്കൊണ്ടിരിക്കുന്ന പരുസ്തകം എങ്ങനെയാണ് പ്രസിദ്ധീകരിക്കുക എന്ന് ജയരാജൻ പറഞ്ഞു.

തെറ്റായ നിലപാടാണ് ഡിസി സ്വീകരിച്ചത്. തെറ്റായ നടപടിയാണ് അവരുടേത്. താൻ എഴുതാത്ത കാര്യത്തെക്കുറിച്ച് അടിസ്ഥാനരഹിതമായ വാർത്തയാണ് വന്നിരിക്കുന്നത്. ഇത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഡിജിപിക്ക് പരാതി നൽകിയിട്ടുണ്ട്.

തന്റെ വിശ്വസ്തനായിട്ടുള്ള പത്രപ്രവർത്തകനെ ഇത് എഡിറ്റ്ചെയ്ത് തയാറാക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിൽനിന്ന് പുറത്തുപോകാൻ സാധ്യതയില്ല. താൻ എഴുതാത്ത കാര്യങ്ങൾ വന്നതിനാലാണ് സംശയം വർധിക്കുന്നത്.

സ്വയം പരിഹസിക്കുന്ന ഭാഗം താൻ തലക്കെട്ടായി നൽകുമോ. കവറിലുള്ള തന്റെ ചിത്രം എവിടെയെല്ലാമുണ്ട്. പുസ്തകത്തിന് ഒരു പേര് പോലും താൻ ഇതുവരെ നിർദേശിച്ചിട്ടില്ല.

## പാർട്ടി പേജിൽ രാഹുലിന്റെ പ്രചാരണ വീഡിയോ വന്ന സംഭവം; സിപിഎം പരാതിയിൽ കേസെടുക്കാതെ പോലീസ്

പത്തനംതിട്ട: പാലക്കാട്ടെ യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ പ്രചാരണ വീഡിയോ പത്തനംതിട്ട സിപിഎമ്മിന്റെ പേജിൽ വന്ന സംഭവത്തിൽ പരാതി ലഭിച്ച് രണ്ടുദിവസം കഴിഞ്ഞിട്ടും കേസെടുക്കാതെ പോലീസ്. ഫേസ്ബുക്ക് പേജ് ഹാക്ക് ചെയ്തെന്നാണ് സിപിഎം പത്തനംതിട്ട ജില്ലാ സെക്രട്ടറി നല്കിയ പരാതിയിൽ പറയുന്നത്.

പരാതി സൈബർ സെല്ലിന് കൈമാറുമെന്ന് പത്തനംതിട്ട എസ്!പി നേരത്തെ അറിയിച്ചിരുന്നു. സംഭവത്തിൽ ഫേസ്ബുക്കിനോട് വിശദീകരണം തേടുമെന്നും ഹാക്കിംഗ് നടന്നതായി ബോധ്യപ്പെട്ട ശേഷം തുടർനടപടി സ്വീകരിക്കുമെന്നും പോലീസ് അറിയിച്ചു.

വീഡിയോ അപ്ലോഡ് ചെയ്ത സംഭവം ഹാക്കിംഗ് അല്ലെന്നാണ് പാർട്ടിയുടെ കണ്ടെത്തലെന്ന തരത്തിൽ റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. പേജിന്റെ അഡ്മിൻമാരിൽ ഒരാൾ തന്നെയാണ് വീഡിയോ അപ്ലോഡ് ചെയ്തതെന്നാണ് വിവരം. പാലക്കാട് എന്ന സ്നേഹവിസ്മയം എന്നുള്ള തലവാചകത്തോടെയാണ് രാഹുൽ മാങ്കൂട്ടത്തിലിന്റെ പ്രമോഷൻ വീഡിയോ സിപിഎം പത്തനംതിട്ട പേജിൽ വന്നത്. ഇതിന് പിന്നാലെ ജില്ലാ കമ്മിറ്റി ഉടൻ അഡ്മിൻ പാനൽ അഴിച്ചുപണിതിരുന്നു. സംഭവത്തിൽ സിപിഎം സംസ്ഥാന നേതൃത്വം ജില്ലാ കമ്മിറ്റിയോട് വിശദീകരണം തേടിയിരുന്നു

## പൊന്നാനിയിൽ പോലീസുകാർ വീട്ടമ്മയെ പീഡിപ്പിച്ചെന്ന പരാതി; കേസെടുക്കണമെന്ന ഉത്തരവ് ഹൈക്കോടതി റദ്ദാക്കി

മലപ്പുറം: പൊന്നാനിയിൽ പോലീസുകാർ വീട്ടമ്മയെ പീഡിപ്പിച്ചെന്ന പരാതിയിൽ കേസെടുക്കാനുള്ള ഉത്തരവ് ഹൈക്കോടതി റദ്ദാക്കി. ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവാണ് ഡിവിഷൻ ബെഞ്ച് റദ്ദാക്കിയത്.

കേസിൽ ആരോപണവിധേയനായ സർക്കിൾ ഇൻസ്പെക്ടർ വിനോദ് നൽകിയ ഹർജിയിലാണ് ഹൈക്കോടതി നടപടി. പരാതി നൽകാനെത്തിയപ്പോൾ എസ്പി സുജിത്ദാസ് അടക്കമുള്ളവർ പീഡിപ്പിച്ചെന്നായിരുന്നു വീട്ടമ്മയുടെ പരാതി. ഈ പരാതിയിൽ എസ്പി ഉൾപ്പെടെയുള്ളവർക്കെതിരേ കേസെടുക്കണമെന്നായിരുന്നു നേരത്തേ ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവ്. ഇതനുസരിച്ച് കേസെടുക്കാൻ പൊന്നാനി മജിസ്ട്രേറ്റ് കോടതി നിർദേശം നൽകുകയും ചെയ്തു. ഇതിനെതിരേ വിനോദ് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിനെ സമീപിക്കുകയായിരുന്നു.

# കൊടകര കുഴൽപ്പണക്കേസ്; അന്വേഷണത്തിന് എട്ടംഗ സംഘം, മേൽനോട്ടം തൃശൂർ ഡിഐജിക്ക്

തൃശൂർ: കൊടകര കുഴൽപ്പണക്കേസ് അന്വേഷണ ചുമതല പുതിയ സംഘത്തിന്. എട്ടംഗ സംഘമാണ് കേസ് അന്വേഷിക്കുക. തൃശൂർ ഡിഐജി തോംസൺ ജോസിനാണ് അന്വേഷണത്തിന്റെ മേൽനോട്ടം.കൊച്ചി ഡിസിപി സുദർശൻ ഐപിഎസ് ആണ് അന്വേഷണ സംഘത്തിന്റെ തലവൻ. ഇത് സംബന്ധിച്ച് ഡിജിപി ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇരിങ്ങാലക്കുട ഡിവൈഎസ്പി വി.കെ. രാജു അന്വേഷണ ഉദ്യോഗസ്ഥനാണ്. കൊടകര എസ്എച്ച്ഒ, വലപ്പാട് എസ്ഐ ഉൾപ്പെടെ എട്ടുപേരാണ് സംഘത്തിലുള്ളത്.ഇതിൽ പഴയ അന്വേഷണ സംഘത്തിലെ വി.കെ. രാജു മാത്രമാണ് പുതിയ സംഘത്തിലും ഉള്ളത്. ബിജെപി തൃശൂർ ജില്ലാ കമ്മിറ്റി മുൻ ഓഫീസ് സെക്രട്ടറി തിരൂർ സതീഷിന്റെ വെളിപ്പെടുത്തലിന് പിന്നാലെയാണ് കൊടകര കുഴൽപ്പണ കേസിൽ തുടരന്വേഷണത്തിന് സർക്കാർ വീണ്ടും തയാറെടുക്കുന്നത്.

# ഫുട്ബോൾ കോച്ച് നിയമനം

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ശ്രീ അയ്യൻകാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ 202425 അധ്യയന വർഷം നിലവിൽ ഒഴിവുള്ള ഫുട്ബോൾ കോച്ച് തസ്തികയിലേയ്ക്ക് എൻഐഎസ് ഡിപ്ലോമ, എൻഐഎസ് സർട്ടിഫിക്കറ്റ്, ഫിസിക്കൽ എഡ്യുക്കേഷനിൽ ഡിഗ്രി, ഫുട്ബോൾ സ്പെഷ്യലൈസേഷൻ, എഐഎഫ്എഫ് കോച്ചിംഗ് ലൈസൻസ് എന്നീ അടിസ്ഥാന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി നവംബർ 18 തിങ്കളാഴ്ച രാവിലെ 11 മണിയ്ക്ക് തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ വാക്ഇൻ ഇന്റർവ്യൂ നടത്തും. ഉദ്യോഗാർത്ഥികൾ ആവശ്യമായ യോഗ്യത തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുമായി തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ഹാജരാകേണ്ടതാണ്.

## ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിൽ ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ഒഴിവിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിക്കപ്പെടുന്നതിന് സമാന തസ്തികയിൽ 35600 75400 ശമ്പള സ്കെയിലിൽ ജോലി നോക്കുന്ന സർക്കാർ വകുപ്പുകളിലെ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഓഫീസ് മേലധികാരി മുഖേന സമർപ്പിക്കുന്ന ജീവനക്കാരുടെ അപേക്ഷ സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, അഗ്രികൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ് കോമ്പൗണ്ട് വെൺപാലവട്ടം, ആനയറ പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിൽ നവംബർ 26 നകം ലഭ്യമാക്കണം.



സംസ്ഥാന ഭക്ഷ്യ- പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ കേന്ദ്ര ഭക്ഷ്യ- പൊതുവിതരണ വകുപ്പ് സെക്രട്ടറി സഞ്ജീവ് ചോപ്രയുമായി കൂടിക്കാഴ്ച നടത്തുന്നു

# സുരേഷ്ഗോപിക്കെതിരേ മാധ്യമ പ്രവർത്തകരുടെ പ്രതിഷേധം

കൊല്ലം: ചോദ്യം ചോദിച്ച 24 ന്യൂസ് റിപ്പോർട്ടർ അലക്സ് റാം മുഹമ്മദിനെ മുറിയിലേക്ക് വിളിച്ചുവരുത്തി ഭീഷണിപ്പെടുത്തിയ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയുടെ നടപടിക്കെതിരെ കേരള പത്രപ്രവർത്തക യൂണിയൻ കൊല്ലം ജില്ലാ കമ്മിറ്റി യുടെ നേതൃത്വത്തിൽ മാധ്യമപ്രവർത്തകർ കൊല്ലത്ത് ചിന്നക്കടയിൽ പ്രതിഷേധ പ്രകടനം നടത്തി.

ക്ലബിനു മുന്നിൽ നിന്ന് ആരംഭിച്ച പ്രകടനം നഗരംചുറ്റി ചിന്നക്കട ഹെഡ് പോസ്റ്റ് ഓഫീസിന് മുന്നിൽ സമാപിച്ചു. മാധ്യമ പ്രവർത്തകരെ നിരന്തരം അവഹേളിക്കുന്ന കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി നിലപാട് തുടർന്നാൽ മാധ്യമപ്രവർത്തകരുടെ കൂടുതൽ ശക്തമായ പ്രക്ഷോഭത്തെ നേരിടേണ്ടി വരുമെന്ന് യൂണിയൻ അഭിപ്രായപ്പെട്ടു.

പ്രതിഷേധ യോഗത്തിൽ ജില്ലാ പ്രസിഡൻറ് ഡി .ജയകൃഷ്ണൻ, സെക്രട്ടറി സനൽ ഡി പ്രേം, മുൻ പ്രസിഡൻറ് ജി.ബിജു, മുൻ സംസ്ഥാന കമ്മിറ്റി അംഗം വിജേഷ് ചൂടൻ എന്നിവർ പ്രസംഗിച്ചു. പ്രകടനത്തിന് എ.കെ.എം.ഹുസൈൻ, ജയൻ മഠത്തിൽ എന്നിവർ നേതൃത്വം നൽകി.

## കുടിവെള്ള പൈപ്പിനായി കുഴിയെടുത്തു; പിന്നാലെ അപകടങ്ങൾ വർധിച്ചു

വെള്ളറട: റോഡിനു വശത്തായി കുടിവെള്ള പൈപ്പ് സ്ഥാപിക്കാനായി വാട്ടർഅഥോറിറ്റിയെടുത്ത കുഴി നാട്ടുകാർക്കും യാത്രക്കാർക്കും ദുരിതമുണ്ടാക്കുന്നതായി നാട്ടുകാരുടെ പരാതി.പ്രദേശത്തെ കോൺക്രീറ്റ് റോഡാണ് വെട്ടിപ്പൊളിച്ചത്.വെള്ളറട പഞ്ചായത്തിലെ കൃഷ്ണപുരം റോഡിനാണീ ദുർഗതി. റോഡ് തകർന്നതോടെ ദിനവും പ്രദേശത്ത് വാഹനാപകടങ്ങൾ വർധിക്കുന്നതായി യാത്രക്കാർ പറയുന്നു.കഴിഞ്ഞ ദിവസം സ്കൂൾ വാഹനമടക്കം കുഴിയിലേക്ക് അകപെട്ടിരുന്നു. വിഷയത്തിന്റെ ഗൗരവം വ!്യക്തമാക്കി അധികൃതർക്ക് നാട്ടുകാർ പരാതി നൽകിയെങ്കിലും നടപടിയുണ്ടാകുന്നില്ലെന്നാണ് ആക്ഷേപം .കഴിഞ്ഞ ദിവസം കുഴിയിൽവീണ് പരിക്കേറ്റ ഇരുചക്രവാഹനയാത്രക്കാരായ ദമ്പതികൾ ഇപ്പോഴും ആശുപത്രിയിൽ ചികിത്സയിലാണ്. പരിക്കേറ്റവർക്ക് വാട്ടർ അഥോറിറ്റി നഷ്ടപരിഹാരം നൽകണമെന്ന ആവശ!്യം ഇപ്പോൾ ശക്തമായിട്ടുണ്ട്.

## ഇടെൻണ്ടർ ക്ഷണിച്ചു

വ്യവസായ വാണിജ്യ വകുപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ വ്യവസായകേരളം മാസിക 2025 മുതൽ 2027 വരെ അച്ചടിക്കുന്നതിനായി ഇടെൻണ്ടർ ക്ഷണിച്ചു. വിശദവിവരങ്ങൾ etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

# പ്രമേഹ നിയന്ത്രണ പദ്ധതികൾ ശാക്തീകരിക്കുന്നതിന് ഒരു വർഷത്തെ സംയോജിത തീവ്രയജ്ഞ പരിപാടി: മന്ത്രി വീണാ ജോർജ്

*** പ്രമേഹത്തെ പ്രതിരോധിക്കാം: നല്ല വ്യായാമം, ചിട്ടയായ ജീവിതം, ആരോഗ്യകരമായ ഭക്ഷണം**
*** നവംബർ 14 ലോക പ്രമേഹ ദിനം**

സംസ്ഥാനത്തെ പ്രമേഹ രോഗ നിയന്ത്രണ പദ്ധതികളെ ശാക്തീകരിക്കുന്നതിന് ഒരു വർഷം നീണ്ടുനിൽക്കുന്ന സംയോജിത തീവ്രയജ്ഞ പരിപാടി നടപ്പിലാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ലോക പ്രമേഹ ദിനമായ നവംബർ 14ന് തുടങ്ങി അടുത്ത വർഷത്തെ പ്രമേഹ ദിനം വരെ നീളുന്നതാണ് പദ്ധതി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന്റെ സാങ്കേതിക സഹകരണം കൂടി ഇതിലുണ്ടാകും. ഡോക്ടർമാർക്കും ആരോഗ്യ പ്രവർത്തകർക്കും പ്രമേഹ നിയന്ത്രണത്തിന്റെ ശാസ്ത്രീയവും നൂതനവുമായ ചികിത്സാ വിധികളുടെ പരിശീലനത്തോട് കൂടിയാണ് ഈ സഹകരണം ആരോഗ്യ വകുപ്പ് ആരംഭിക്കുന്നത്. പ്രമേഹ രോഗത്തിന് പുറമേ പ്രമേഹ രോഗികൾക്കുണ്ടാകുന്ന വൃക്കരോഗങ്ങൾ, ഡയബറ്റിക് റെറ്റിനോപ്പതി, ഡയബറ്റിക് ഫൂട്ട്, പെരിഫെറൽ ന്യൂറോപ്പതി തുടങ്ങിയ സങ്കീർണതകൾ കൂടി കണ്ടെത്തി ചികിത്സിക്കുന്നതിനും ആവശ്യമായ പരിശീലനവും സാങ്കേതിക സഹായവും നൽകുമെന്ന് മന്ത്രി വ്യക്തമാക്കി.

പദ്ധതിയുടെ ഭാഗമായി ജനുവരിയിൽ സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കുമായി ഒരു അന്താരാഷ്ട്ര സെമിനാർ നടത്തുന്നതിന് പദ്ധതിയുണ്ട്. ദേശീയവും അന്തർ ദേശീയവുമായിട്ടുള്ള പ്രമേഹ രോഗ വിദഗ്ധരെ ഉൾക്കൊള്ളിച്ച് കൊണ്ടാണ് സംസ്ഥാനത്തിന് പ്രമേഹ രോഗ ചികിത്സയിൽ റോഡ്മാപ്പ് സൃഷ്ടിക്കുന്നതിനായി ഈ സെമിനാർ നടത്താൻ ഉദ്ദേശിക്കുന്നത്. അന്തർദേശീയ തലത്തിൽ പ്രമേഹ രോഗ ചികിത്സയിൽ വന്നിട്ടുള്ള നൂതന സംവിധാനങ്ങളും, ചികിത്സാ വിധികളും ആരോഗ്യ വകുപ്പിലെ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും പരിചയപ്പെടുത്തുക എന്ന ഉദ്ദേശം കൂടി ഈ സെമിനാറിനുണ്ട്. സെമിനാറിന് ശേഷം തയ്യാറാക്കുന്ന പ്രമേഹരോഗ ചികിത്സയുടെ റോഡ്മാപ്പിന് അനുസൃതമായിട്ടായിരിക്കും ആരോഗ്യവകുപ്പിലെയും ചികിത്സ ശാക്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത്.'തടസ്സങ്ങൾ നീക്കാം, വിടവുകൾ നികത്താം: പ്രമേഹരോഗ നിയന്ത്രണത്തിനും രോഗികളുടെ ക്ഷേമത്തിനായി ഒരുമിക്കാം' (Breaking barriers and bridging gaps: uniting to strengthen diabetes well-being) എന്നുള്ളതാണ് ഈ വർഷത്തെ പ്രമേഹദിന സന്ദേശം. പ്രമേഹ രോഗികളുടെ ശാരീരികവും, മാനസികവും, സാമൂഹികവുമായ ക്ഷേമം തടസ്സങ്ങളില്ലാതെ ഉറപ്പുവരുത്തുക എന്നുള്ളതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. നല്ല വ്യായാമത്തിലൂടെ, ചിട്ടയായ ജീവിതത്തിലൂടെ, ആരോഗ്യകരമായ ഭക്ഷണത്തിലൂടെ, വ്യക്തികളും സമൂഹവും പ്രമേഹത്തെ പ്രതിരോധിക്കുക അതിലൂടെ ആരോഗ്യപരമായ ക്ഷേമം കണ്ടെത്തുക എന്നതാണ് ലക്ഷ്യമിടുന്നത്. മാനസിക പിരിമുറുക്കവും മറ്റ് മാനസിക അസ്വാസ്ഥ്യങ്ങളും ഒഴിവാക്കിക്കൊണ്ട് പ്രമേഹ രോഗത്തെ ചെറുക്കുക, ലഹരിയിൽ നിന്നും മുക്തി നേടുക അതിലൂടെ പ്രമേഹ നിയന്ത്രണത്തിലേക്ക് എത്തുക എന്നിവയും ഇതിലൂടെ ലക്ഷ്യമിടുന്നു.

സംസ്ഥാന ആരോഗ്യ വകുപ്പ് പ്രമേഹരോഗ നിയന്ത്രണത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ഗൃഹസന്ദർശനം നടത്തി അവരുടെ വിവരങ്ങൾ 'ശൈലി' എന്ന ആപ്ലിക്കേഷനിലൂടെ ശേഖരിക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലി നിയന്ത്രണ പരിപാടി സംസ്ഥാനത്ത് പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയിലൂടെ പ്രമേഹ രോഗമുള്ള ആൾക്കാരെയും പ്രമേഹ രോഗം വരാൻ സാധ്യതയുള്ള ആൾക്കാരെയും കണ്ടെത്തുന്നതിന് സാധ്യമായിട്ടുണ്ട്. രണ്ടാംഘട്ട സർവേയിൽ ഇതിനോടകം തന്നെ 50 ലക്ഷത്തിലധികം ആൾക്കാരെ സർവേക്ക് വിധേയരാക്കുന്നതിന് സാധിച്ചിട്ടുണ്ട്. പ്രമേഹരോഗം കണ്ടെത്തിയ ആൾക്കാർക്ക് വിദഗ്ധമായ ചികിത്സ നൽകുന്നതിന് ആരോഗ്യ വകുപ്പിലെ എല്ലാ സ്ഥാപനങ്ങളും സുസജ്ജമാണ്.പ്രമേഹ രോഗികൾക്കുണ്ടാകാവുന്ന ഡയബറ്റിക് റെറ്റിനോപ്പതി കണ്ടെത്തുന്നതിനുള്ള 'നയനാമൃതം പദ്ധതി' 172 കേന്ദ്രങ്ങളിൽ ഇന്ന് ലഭ്യമാണ്. ഇത് കൂടുതൽ കേന്ദ്രങ്ങളിലേക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 'ഡയബറ്റിക് ഫൂട്ട്' അല്ലെങ്കിൽ ഡയബെറ്റിസ് രോഗികൾക്കുണ്ടാകുന്ന കാലിലെ വ്രണം നേരത്തെ കണ്ടെത്തുന്നത്തിനായി 84 ആശുപത്രികളിൽ ബയോതിസിയോ മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുനുപുറമേ എല്ലാ ജില്ലകളിലേയും രണ്ട് പ്രധാന ആശുപത്രികളിൽ പ്രമേഹത്തിന്റെ എല്ലാ സങ്കീർണതകളും പരിശോധിക്കുന്നതിന് ആവശ്യമായിട്ടുള്ള സംവിധാനങ്ങൾ തയ്യാറാക്കി കൊണ്ട് 360 ഡിഗ്രി മെറ്റബോളിക് സെന്ററുകളുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. പ്രമേഹ രോഗികൾക്കുള്ള ഇൻസുലിൻ ഉൾപ്പെടയുള്ള എല്ലാ മരുന്നുകളും സൗജന്യമായി പ്രാഥമികാരോഗ്യ തലം മുതൽ ആരോഗ്യ വകുപ്പ് നൽകി വരുന്നുണ്ട്. ഏകദേശം 21 ലക്ഷത്തോളം വരുന്ന പ്രമേഹരോഗികൾക്ക് ഇതിന്റെ സൗജന്യം ലഭിക്കുന്നുണ്ട്. ടൈപ്പ്1 പ്രമേഹം ബാധിച്ച പ്രമേഹ രോഗികൾക്കും ആരോഗ്യ വകുപ്പിലൂടെ ഇപ്പോൾ നൂതന ചികിത്സ നൽകി വരുന്നുണ്ട്. പ്രമേഹം ബാധിച്ച ടി.ബി രോഗികൾക്കും, ഗർഭിണികൾക്കുണ്ടാകുന്ന പ്രമേഹത്തിനും ആവശ്യമായ ചികിത്സയും ആരോഗ്യ വകുപ്പ് നൽകി വരുന്നു.

## 'ബോധപൂർവം ഉണ്ടാക്കിയ കഥ; നിയമ നടപടി സ്വീകരിക്കും': ആത്മകഥയിലെ വെളിപ്പെടുത്തലുകൾ തള്ളി ഇപി

കണ്ണൂർ: സിപിഎം കേന്ദ്ര കമ്മിറ്റിയംഗം ഇ. പി. ജയരാജന്റെ ആത്മകഥയായ 'കട്ടൻചായയും പരിപ്പുവടയും' വിവാദമായതിനു പിന്നാലെ വിശദീകരണവുമായി ഇപി തന്നെ രംഗത്ത്. തന്റെ പുസ്തകത്തിലെ വെളിപ്പെടുത്തലെന്ന നിലയിൽ പുറത്തുവരുന്ന റിപ്പോർട്ടുകൾ തികച്ചും അടിസ്ഥാനരഹിതമാണെന്ന് അദ്ദേഹം പ്രതികരിച്ചു.

ബോധപൂർവം ഉണ്ടാക്കിയ കഥയാണ്. ഇന്ന് നടക്കുന്ന തെരഞ്ഞെടുപ്പിന്റെ കാര്യം എങ്ങനെയാണ് ആത്മകഥയിൽ എഴുതുക താൻ എഴുതാത്ത കാര്യം തൻറേത് എന്ന് പറഞ്ഞ് കൊടുക്കുകയാണെന്നും ജയരാജൻ കൂട്ടിച്ചേർത്തു. കഥ താൻ എഴുതി തീർന്നിട്ടില്ല. ഡിസി ബുക്സും മാതൃഭൂമിയും പ്രസിദ്ധീകരിക്കാൻ താത്പര്യം അറിയിച്ചിരുന്നു. താനതിന്റെ അനുമതി ആർക്കും കൊടുത്തിട്ടില്ല. താൻ ഒരാൾക്കും ഒന്നും കൈമാറിയിട്ടില്ല. താനെഴുതിയതിലൊന്നും ഇക്കാര്യങ്ങളില്ല. താൻ എഴുതിയിട്ട് ടൈപ്പ് ചെയ്യാൻ കൊടുക്കുകയായിരുന്നു. ആ പുസ്തകത്തിന്റെ ആദ്യ ഭാഗം എങ്ങനെ പുറത്തുവന്നുവെന്ന് അറിയില്ല. താനിതിൽ നിയമനടപടി സ്വീകരിക്കുമെന്നും ഇ. പി. ജയരാജൻ പറഞ്ഞു.

## മഹാരാഷ്ട്രയിൽ മഹാവികാസ് അഘാടി സഖ്യം വിജയം ഉറപ്പിച്ചു: സച്ചിൻ പൈലറ്റ്

മുംബൈ: മഹാരാഷ്ട്ര നിയമസഭ തെരഞ്ഞെടുപ്പിൽ മഹാവികാസ് അഘാടി സഖ്യം വിജയം ഉറപ്പിച്ചതായി കോൺഗ്രസ് നേതാവും രാജസ്ഥാൻ മുൻ ഉപമുഖ്യമന്ത്രിയും ആയ സച്ചിൻ പൈലറ്റ്. വൻ ഭൂരിപക്ഷത്തിലായിരിക്കും മഹാവികാസ് അഘാടിയുടെ വിജയിക്കുകയെന്നും സച്ചിൻ പറഞ്ഞു. 'മഹാരാഷ്ട്രയിലെ ജനവികാരം മഹാവികാസ് അഘാടിക്ക് അനുകൂലമാണ്. മതതിന്റെ പേരിൽ വോട്ട് ചോദിക്കുന്ന ബിജെപിയെ ജനങ്ങൾ തള്ളിക്കളയും. ഭയപ്പെടുത്തി വോട്ട് നേടാനാണ് ബിജെപിയും സഖ്യകക്ഷികളും ശ്രമിക്കുന്നത്. അതൊന്നും വിജയിക്കാൻ പോകുന്നില്ല. ' സച്ചിൻ പൈലറ്റ് പറഞ്ഞു. ഒറ്റ ഘട്ടമായാണ് മഹാരാഷ്ട്രയിൽ തെരഞ്ഞെടുപ്പ് നടക്കുക. ഈ മാസം 20നാണ് പോളിംഗ്. 23നാണ് വോട്ടെണ്ണൽ.

## അഞ്ചലിലെ എസ്എഫ്ഐ, എഐഎസ്എഫ് സംഘർഷം : രണ്ട് എഐവൈഎഫ് നേതാക്ക ൾ റിമാൻഡിൽ 1

അഞ്ചൽ : അഞ്ചൽ സെൻറ് ജോൺസ് കോളജിൽ എസ്എഫ്ഐ, എഐഎസ്എഫ് പ്രവർത്തകർ തമ്മിലുണ്ടായ സംഘർഷവും തുടർന്നുണ്ടായ പ്രശ്നങ്ങളിൽ കേസെടുത്ത പോലീസ് രണ്ട് എഐവൈഎഫ് നേതാക്കളെ അറസ്റ്റ് ചെയ്തു. എഐവൈഎഫ് അഞ്ചൽ മണ്ഡലം സെക്രട്ടറി എം.ബി നസീർ, മണ്ഡലം വൈസ് പ്രസിഡൻറ് ആരോമൽ എന്നിവരെയാണ് അറ സ്റ്റ്ചെയ്തത്. പുനലൂർ കോടതിയിൽ ഹാജരാക്കിയ ഇരുവരെയും റിമാൻറ് ചെയ്തു.സംഘർഷത്തെ തുടർന്നു എസ്എഫ്ഐ പ്രവർത്തകൻ വൈശാക് നല്കിയ പരാതിയിൽ പതിമൂന്ന് എഐഎസ്എഫ്, എഐവൈഎഫ് പ്രവർത്തകർക്കെതിരെയാണ് പോലീസ് കേസെടുത്തത്. അതേ സമയം എഐഎസ്എഫ് മണ്ഡലം സെക്രട്ടറിയെ ആശുപത്രിയിൽ കയറി എസ്എഫ്ഐ പ്രവർത്തകർ മർദിക്കുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നു.സംഘടിച്ചെത്തിയ എസ്എഫ്ഐ പ്രവർത്തകർ മണ്ഡലം സെക്രട്ടറിയും സെൻറ് ജോൺസ് കോളജ് വിദ്യാർഥിയുമായ ശിവപ്രസാദിനെ മാരകായുധങ്ങളുമായി ആക്രമിക്കുന്നതും സ്ഥലത്തുണ്ടായിരുന്ന നേതാക്കൾ തടയുന്നതടക്കം ദൃശ്യങ്ങളിൽ കാണാം. ഈ സംഭവത്തിൽ പോലീസ് ഇരുപതോളം എസ്എഫ്ഐ പ്രവർത്തകർക്കെതിരെ കേസെടുത്തിട്ടുണ്ടെങ്കിലും ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.സംഘം ചേർന്ന് ഒരാളെ ക്രൂരമമായി മർദിച്ചിട്ടും പോലീസ് നിസാര വകുപ്പുകൾ മാത്രം ചുമത്തിയാണ് കേസെടുത്താതെന്നും ഇത് സിപിഎം നേതൃത്വത്തിന്റെ ഇടപെടീലിനെ തുടർന്നാണെന്നും എഐഎസ്എഫ്, എഐവൈഎഫ് നേതൃത്വം ആരോപിച്ചിരുന്നു.

## താൽക്കാലിക നിയമനം

ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരളയിൽ ക്ലർക്ക്കംഅക്കൗണ്ടന്റ് തസ്തികയിൽ താൽക്കാലിക നിയമനത്തിനായി നവംബർ 25 ന് 10 മണിക്ക് വാക്ഇൻഇന്റർവ്യൂ നടത്തും. ബി.കോം, ടാലി, എം.എസ് ഓഫീസ് എന്നിവയാണ് അടിസ്ഥാന യോഗ്യത. ടൈപ്പ്റൈറ്റിംഗ് (ഇംഗ്ലീഷ് ഹയർ, മലയാളം ലോവർ) അഭിലഷണീയം. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പും സഹിതം ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, ടിസി 29/3126, റീജ, മിൻചിൻ റോഡ്, വഴുതക്കാട്, തിരുവനന്തപുരം 695014 വിലാസത്തിലുള്ള ഓഫീസിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് : 04712322410

## താത്കാലിക നിയമനം

ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് കേരഫെഡിൽ നിലനിൽക്കുന്ന വിഷയം സമഗ്രമായി പരിശോധിക്കുന്നതിന് തഹസിൽദാർ/ ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരെ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നു. അപേക്ഷകൾ നവംബർ 25 വൈകിട്ട് അഞ്ചിനകം മാനേജിങ് ഡയറക്ടർ, കേരഫെഡ് ഹെഡ് ഓഫീസ്, കേര ടവർ, വെള്ളയമ്പലം, വികാസ് ഭവൻ, തിരുവനന്തപുരം 695 033 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 2321660, . ഇമെയിൽ: contact@kerafed.com.

## ബീമാപള്ളി ഉറൂസ് ഡിസംബർ 3 മുതൽ 13 വരെ

**മന്ത്രി ജി.ആർ അനിലിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു**

ഈ വർഷത്തെ ബീമാപള്ളി ഉറൂസ് ഉത്സവം ഡിസംബർ മൂന്ന് മുതൽ 13 വരെ നടക്കും. ഉറൂസ് നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിലിന്റെ അധ്യക്ഷതയിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. ആന്റണി രാജു എം.എൽ.എ സന്നിഹിതനായിരുന്നു.

തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മുൻ വർഷത്തെക്കാൾ മികച്ച രീതിയിൽ ഉറൂസ് ഉത്സവം നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദേശം നൽകി. ഉറൂസ് നടത്തിപ്പിന്റെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി സബ് കളക്ടർ ആൽഫ്രഡ് ഒ.വിയെ നോഡൽ ഓഫീസറായി യോഗം ചുമതലപ്പെടുത്തി. ഉറൂസ് പ്രമാണിച്ച് ഡിസംബർ മൂന്നിന് തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ പ്രാദേശിക അവധി പ്രഖ്യാപിക്കും.

തീർത്ഥാടകരുടെ സുരക്ഷക്കും ക്രമസമാധാന പാലനത്തിനുമായി കൂടുതൽ പോലീസുകാരെ വിന്യസിക്കുന്നതിനും സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കും. ബീമാപള്ളിയിലേക്കുള്ള റോഡുകളുടെയും തെരുവ് വിളക്കുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കും. ഉത്സവമേഖലയിലെ മാലിന്യ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനും യോഗത്തിൽ തീരുമാനമായി.

സെക്രട്ടേറിയേറ്റ് അനക്സ് രണ്ടിലെ ലയം ഹാളിൽ ചേർന്ന യോഗത്തിൽ മേയർ ആര്യാ രാജേന്ദ്രൻ, ജില്ലാ കളക്ടർ അനുകുമാരി, സബ്കളക്ടർ ആൽഫ്രഡ് ഒ.വി, അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർ ജേക്കബ് സഞ്ജയ് ജോൺ, ഡി.സി.പി ബി.വി വിജയ് ഭാരത് റെഡ്ഡി, കൗൺസിലർമാരായ ജെ. സുധീർ, മിലാനി പെരേര, ബീമാപ്പള്ളി ജമാഅത് പ്രസിഡന്റ് എം.പി അസീസ്, ജനറൽ സെക്രട്ടറി ബാദുഷ സെയ്നി തുടങ്ങിയവരും പോലീസ്, ആരോഗ്യം, ജലസേചനം, കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി, അഗ്നിരക്ഷാ സേന, എക്സൈസ് ഉൾപ്പെടെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും തിരുവനന്തപുരം കോർപ്പറേഷൻ ഉദ്യോഗസ്ഥരും പങ്കെടുത്തു.



*ഈ വർഷത്തെ ബീമാപള്ളി ഉറൂസ് നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിലിന്റെ അധ്യക്ഷതയിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. ആന്റണി രാജു എം.എൽ.എ സന്നിഹിതനായിരുന്നു.*

## കരകുളം മേൽപ്പാലം നിർമാണം : ഗതാഗതം നിയന്ത്രിക്കുന്നതിലെ ആശയക്കുഴപ്പം പരിഹരിക്കും: മന്ത്രി

തിരുവനന്തപുരം: കരകുളം മേൽപ്പാലം നിർമാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ഭാഗത്തേക്കും നെടുമങ്ങാട് ഭാഗത്തേക്കും ഏർപ്പെടുത്തിയ ഗതാഗത നിയന്ത്രണത്തിലെ ആശയക്കുഴപ്പം സമയബന്ധിതമായി പരിഹരിക്കുമെന്ന് മന്ത്രി ജി.ആർ അനിൽ പറഞ്ഞു.കരകുളം മേൽപ്പാല നിർമാണ പുരോഗതി നേരിട്ടെത്തി വിലയിരുത്തിയ ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. നിലവിലെ ഗതാഗത നിയന്ത്രണങ്ങളിൽ ചില പ്രദേശങ്ങളിൽനിന്നും പരാതികൾ ഉയർന്ന സാഹചര്യത്തിൽ, ഇവ വിലയിരുത്തുന്നതിനും ഉചിതമായ പരിഹാരമാർഗങ്ങൾ കണ്ടെത്തുന്നതിനും മന്ത്രിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ യോഗം നാളെ ചേരും.ഉച്ചകഴിഞ്ഞ് രണ്ടിനു കരകുളം പഞ്ചായത്ത് ഓഫീസിലാണ് യോഗം ചേരുക. വാഹനങ്ങൾ വഴിതിരിച്ചുവിടുന്നതിൽ പ്രദേശവാസികൾ ഉൾപ്പെടെയുള്ളവർ നേരിടുന്ന പ്രശ്നങ്ങൾ മനസിലാക്കി, അസൗകര്യങ്ങൾ ഒഴിവാക്കുന്നതിനു പ്രത്യേക നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തും.

ഫ്ളൈ ഓവറിൻറേയും നാലുവരിപ്പാതയുടേയും നിർമാണ പുരോഗതി കൃത്യമായി വിലയിരുത്തുമെന്നും പദ്ധതി പൂർത്തിയാകുന്നതുവരെ ജനങ്ങളുടെ പൂർണ സഹകരണം ഉണ്ടാകണമെന്നും മന്ത്രി അറിയിച്ചു.തിരുവനന്തപുരം തെന്മല (എസ്എച്ച് 2) റോഡിൽ കരകുളം പാലം ജംഗ്ഷനിൽ നിന്നും കെൽട്രോൺ ജംഗ്ഷൻവരെ ഫ്ളൈ ഓവർ നിർമാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ തിങ്കളാഴ്ച മുതലാണ് നിയന്ത്രണം ഏർപ്പെടുത്തിയത്.

## കേരള മുസ്ലിം സമസ്ത സെൻറിനറി കർമപദ്ധതിക്ക് സമിതികൾ നിലവിൽവന്നു

കൊല്ലം: സമസ്ത നൂറാം വാർഷിക ഭാഗമായി 2025 ൽ നടപ്പാക്കുന്ന കർമ പദ്ധതികളുടെ നടത്തിപ്പിനായി ജില്ലാ എക്സീക്യൂട്ടീവ് കൗൺസിലിന് (ഇ സി )രൂപം നൽകി.ഖാദിസിയ്യയിൽ ചേർന്ന യോഗത്തിൽ ജില്ലാ പ്രസിഡൻറ് ഡോ .എൻ. ഇല്യാസ്കുട്ടിഅധ്യക്ഷത വഹിച്ചു. പി .എ .ഹൈദറൂസ് മുസലിയാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി മുസ്തഫാ മാസ്റ്റർ കോഡൂർ പദ്ധതികളുടെ അവതരണം നടത്തി.സമസ്തയുടെ ചരിത്രം, കേരള മുസ് ലിം ചരിത്രം, സൗഹൃദ കേരളം, കാരുണ്യ കേരളം, മസ്ജിദ്, സിറ്റികൾ, ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ വിഷയങ്ങളിൽ പഠന വേദികൾ , ദാറുൽ ഖൈർ തുടങ്ങിയ പതിനേഴിന പദ്ധതികൾ നടപ്പിൽ വരുത്തും.പദ്ധതി നടത്തിപ്പിനായി സെൻട്രൽ ബോർഡും , എക്സിക്യൂട്ടീവ് കൗൺസിലും രൂപീകരിച്ചു.ജില്ലാ ജനറൽ സെക്രട്ടറി ഡോ. പി .എ .മുഹമ്മദ് കുഞ്ഞ് സഖാഫി, സിദ്ധീഖ് മിസ്ബാഹി, അഹമ്മദ് സഖാഫി പ്രസംഗിച്ചു. ജില്ലയിലെ എല്ലാ സോൺ, സർക്കിൾ യൂണിറ്റ് കളിലും പദ്ധതി അവതരണം നടക്കും.

## വഖഫ് സ്റ്റേയിൽ 40 വർഷം; കാടുകയറി 97 സെൻറ് ഭൂമി

ചാവക്കാട്: ചാവക്കാട് ബസ് സ്റ്റാൻഡിനു സമീപത്തു പ്രവാസി വാങ്ങിയ സ്ഥലത്തു വഖഫ് അവകാശമുന്നയിച്ചതിനെതുടർന്ന് 97 സെൻറ് ഭൂമി കാടുകയറി നശിക്കുകയാണ്.പ്രവാസകാലത്തെ സമ്പാദ്യംകൊണ്ട് പാലയൂർ കണ്ടനത്ത് ഹംസ സ്ഥലംവാങ്ങി കെട്ടിടനിർമാണം ആരംഭിച്ചപ്പോഴാണ് വഖഫിന്റെ സ്റ്റേ.

1978 ൽ മാളിയേക്കൽ കുഞ്ഞിബാവയിൽനിന്നു വിലയ്ക്കുവാങ്ങിയ സ്ഥലത്തു നഗരസഭയുടെ അനുമതിയോടെ കെട്ടിടത്തിന്റെ തൂണുകൾ നിർമിച്ചുതുടങ്ങിയതോടെയാണ് വിലക്കു വന്നത്.ട്രൈബ്യൂണലിൽ നടന്നുകൊണ്ടിരിക്കുന്ന കേസിൽ 2018 ൽ ഹൈക്കോടതി ഇടപെട്ടു. ഹംസയുടെ പരാതിയിൽ നിലവിലുള്ള അവസ്ഥ തുടരാൻ ഹൈക്കോടതി ഉത്തരവായി.

40 വർഷമായി തുടരുന്ന നിയമയുദ്ധത്തിൽ പ്രവാസിയുടെ സ്വപ്നം മുഴുവൻ തുരുമ്പിച്ചു. ബസ് സ്റ്റാൻഡിനു സമീപം പാലയൂർ റോഡിൽ കണ്ണായ സ്ഥലം ഒന്നിനും ഉപയോഗപ്പെടുത്താനാവാതെ കിടക്കുകയാണിപ്പോൾ.

## ക്യാമ്പ് സിറ്റിങ്

കേരള ലോകായുക്ത ജസ്റ്റിസ് എൻ. അനിൽകുമാർ കോട്ടയത്തും തൃശ്ശൂരിലും ക്യാമ്പ് സിറ്റിങ് നടത്തും. നവംബർ 20ന് കോട്ടയം ബാർ അസോസിയേഷൻ ഹാളിലും 21ന് തൃശ്ശൂർ ഗവ. ഗസ്റ്റ് ഹൗസിലെ കോൺഫറൻസ് ഹാളിലുമാണ് സിറ്റിങ്. പുതിയപരാതികളും സ്വീകരിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പങ്കാളിത്തം കൊണ്ടും സംഘാടക മികവുകൊണ്ടും 29 ാമത് അന്താരാഷ്ട്ര ചലച്ചിത്രമേള ചരിത്രം സൃഷ്ടിക്കും:മന്ത്രി സജി ചെറിയാൻ

## ചലച്ചിത്ര മേളയുടെ 501 അംഗ സംഘാടക സമിതി രൂപീകരിച്ചു

അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ 29ാം പതിപ്പ് പ്രേക്ഷകപങ്കാളിത്തംകൊണ്ടും സംഘാടക മികവുകൊണ്ടും ചരിത്ര വിജയമാകുമെന്ന് മന്ത്രി സജി ചെറിയാൻ. ചലച്ചിത്രമേളയുടെ സംഘാടക സമിതി രൂപീകരണ യോഗം തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. സിനിമയും സിനിമാന്തരീക്ഷവും നവീകരിക്കുന്നതിനുള്ള സർക്കാർ ഇടപെടലുകൾ ചലച്ചിത്രമേളയുടെ മികച്ച സംഘാടനത്തിലും പ്രതിഫലിക്കും.

രാജ്യാന്തര ചലച്ചിത്രമേളയുടെ സുഗമമായ നടത്തിപ്പിന് മുഖ്യമന്ത്രി പിണറായി വിജയൻ മുഖ്യ രക്ഷാധികാരിയും സാംസ്കാരിക മന്ത്രി സജി ചെറിയാൻ ഫെസ്റ്റിവൽ പ്രസിഡന്റുമായി 501 അംഗ സംഘാടക സമിതി രൂപീകരിച്ചു. ഹോസ്പിറ്റാലിറ്റി, പ്രോഗ്രാം, ഫിനാൻസ്, മീഡിയ, ഡെലിഗേറ്റ് സെൽ, ടെക്നിക്കൽ, സ്പോൺസർഷിപ്പ്, വോളന്റിയർ, ഓഡിയൻസ് പോൾ, ഹെൽത്ത്, എക്സിബിഷൻ, തിയറ്റർ കമ്മിറ്റി തുടങ്ങി വിവിധ സബ് കമ്മിറ്റികളും രൂപീകരിച്ചു.

29ാമത് രാജ്യാന്തര ചലച്ചിത്രമേള ഡിസംബർ 13 മുതൽ 20 വരെ തിരുവനന്തപുരത്ത് 15 തിയറ്ററുകളിലായാണ് നടക്കുന്നത്. 180 സിനിമകൾ പ്രദർശിപ്പിക്കും. മലയാളം സിനിമ റ്റുഡേ എന്ന വിഭാഗത്തിൽ 14 സിനിമകളാണുള്ളത്. സംവിധായകൻ ജിയോ ബേബി ചെയർമാനും നടി ദിവ്യപ്രഭ, സംവിധായകരായ ഫാസിൽ റസാഖ്, വിനു കോളിച്ചാൽ, തിരക്കഥാകൃത്ത് പി.എസ് റഫീക്ക് എന്നിവർ അംഗങ്ങളുമായ കമ്മിറ്റിയാണ് ചിത്രങ്ങൾ തെരഞ്ഞെടുത്തത്. ഫാസിൽ മുഹമ്മദിന്റെ ഫെമിനിച്ചി ഫാത്തിമ, ഇന്ദുലക്ഷ്മിയുടെ അപ്പുറം എന്നീ ചിത്രങ്ങൾ അന്താരാഷ്ട്ര മൽസര വിഭാഗത്തിലേക്കു തെരഞ്ഞെടുത്തിട്ടുണ്ട്. വനിതാ സംവിധായകരെ പ്രോൽസാഹിപ്പിക്കുന്ന പാക്കേജ് മുൻ മേളയിലെ പോലെ ഇത്തവണയും ഉണ്ടാവുമെന്ന് മന്ത്രി അറിയിച്ചു.

മേളയുടെ മത്സര വിഭാഗത്തിലേയ്ക്ക് ഇന്ത്യൻ പ്രാദേശികഭാഷാചിത്രങ്ങളിൽ നിന്നും ജയൻ ചെറിയാന്റെ ദ് റിഥം ഓഫ് ദമാം, അഭിജിത് മജുംദാറിന്റെ ബോഡി എന്നീ സിനിമകൾ തിരഞ്ഞെടുത്തിട്ടുണ്ട്. സംവിധായകൻ സലിം അഹമ്മദ് ചെയർമാനും സംവിധായകരായ ലിജിൻ ജോസ്, ശാലിനി ഉഷാദേവി, വിപിൻ ആറ്റ്ലി, നിരൂപകൻ ആദിത്യ ശ്രീകൃഷ്ണ എന്നിവർ അംഗങ്ങളുമായ സമിതിയാണ് സിനിമകൾ തിരഞ്ഞെടുത്തത്. ആകെ ഒമ്പത് ചിത്രങ്ങളാണ് ഈ വിഭാഗത്തിലുള്ളത്. അന്താരാഷ്ട്ര മത്സര വിഭാഗത്തിലേയ്ക്ക് 10 സിനിമകൾ തിരഞ്ഞെടുത്തിട്ടുണ്ട്.

അന്താരാഷ്ട്ര സിനിമാ മേഖലയിലെ ഇരുനൂറോളം വ്യക്തിത്വങ്ങൾ മേളയിൽ പങ്കെടുക്കും. പതിനയ്യായിരം പ്രതിനിധികളെയാണ് പ്രതീക്ഷിക്കുന്നത്. അന്താരാഷ്ട്ര മത്സരവിഭാഗം, ലോകസിനിമ, ഇന്ത്യൻ സിനിമ നൗ, മലയാളം സിനിമ ടുഡേ, കൺട്രി ഫോക്കസ്, ഹോമേജ് വിഭാഗങ്ങളിലാണ് പ്രദർശനം. മേളയുടെ ഭാഗമായി ഇൻ കോൺവർസേഷൻ, ഓപ്പൺഫോറം, മീറ്റ് ദ ഡയറക്ടർ, അരവിന്ദൻ സ്മാരകപ്രഭാഷണം, മാസ്റ്റർ ക്ലാസ്, പാനൽ ചർച്ച, എക്സിബിഷൻ എന്നിവയും നടക്കും.

അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ ലോഗോ ചടങ്ങിൽ മന്ത്രി പ്രകാശനം ചെയ്തു. മേയർ ആര്യ രാജേന്ദ്രൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ, കെഎസ്എഫ്ഡിസി ചെയർമാൻ ഷാജി എൻ കരുൺ, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി അജോയ് തുടങ്ങിയവർ സംസാരിച്ചു.




29 -ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ സംഘാടക സമിതി രൂപീകരണ യോഗം മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു

# മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ, 167250 കുട്ടികളുടെ ഹരിതസഭ ഇന്ന്

മാലിന്യ സംസ്കരണത്തിൽ കുട്ടികൾക്ക് അവബോധം നൽകുന്നതിനും മാലിന്യമുക്തം നവകേരളത്തിലേക്ക് പുതുതലമുറയുടെ ആശയങ്ങൾ ഉൾപ്പെടുത്തുന്നതിനുനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നവംബർ 14ന് രാവിലെ 10 മണിമുതൽ വൈകിട്ട് 4 വരെ ഹരിതസഭ സംഘടിപ്പിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 97425 കുട്ടികൾ ശിശുദിനത്തിലും പാലക്കാട്, തൃശൂർ, മലപ്പുറം, കോഴിക്കോട് വയനാട് ജില്ലകളിൽ 69825 കുട്ടികൾ അടുത്ത ദിവസങ്ങളിലായി നടക്കുന്ന ഹരിതസഭയിലും പങ്കെടുക്കും.

മാലിന്യ നിർമാർജന സംവിധാനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക, ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ മാതൃകകളായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റുക, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഗുണദോഷങ്ങൾ കുട്ടികളിലൂടെ സമൂഹത്തിനു പകർന്ന് നൽകുക എന്നിവ ലക്ഷ്യമിട്ടാണ് ഹരിതസഭ സംഘടിപ്പിക്കുന്നത്.

# ജൻജാതീയ ഗൗരവ് ദിവസ് നവംബർ 15ന്

പ്രമുഖ ഗോത്ര വർഗ നേതാവും സ്വാതന്ത്ര്യ സമരസേനാനിയുമായ ഭഗവാൻ ബിർസ മുണ്ടയുടെ ജന്മദിനമായ നവംബർ 15 ജൻജാതീയ ഗൗരവ് ദിവസമായി ആഘോഷിക്കുന്നു. ഈ വർഷത്തെ ആഘോഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്ത് രാജ്യത്തുടനീളമുള്ള 100 ജില്ലകളിലെ ജനങ്ങളുമായി സംവദിക്കും. ഇന്ത്യയിലെ ഗോത്ര സമൂഹങ്ങളുടെ സാമൂഹികസാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയായ 'ധർത്തി ആബ ജൻജാതിയ ഗ്രാം ഉത്കർഷ് അഭിയാൻ' ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിക്കും.

സംസ്ഥാനതല ആഘോഷങ്ങളുടെ ഭാഗമായി ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിലുള്ള മണ്ണക്കുടി കമ്മ്യൂണിറ്റി ഹാളിലും കാസർകോട് മാവിനക്കട്ട ഗ്രാമത്തിലും സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്ര മത്സ്യബന്ധന മൃഗസംരക്ഷണ ന്യൂനപക്ഷകാര്യ സഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയാകും.

# എം എൽ എ റോഡിൽ ഗതാഗത നിയന്ത്രണം

തിരുവനന്തപുരം എം എൽ എ റോഡിൽ ( മൂലത്തിങ്കൽ മടത്തുനട റോഡ് ) നവംബർ 14, 15 ദിവസങ്ങളിൽ രാവിലെ 6 മുതൽ വൈകുന്നേരം 6 വരെ ടാറിംഗ് പ്രവൃത്തി നടക്കുന്നതിനാൽ ഗതാഗതം തടസ്സപ്പെടും. ഇതുവഴിയുള്ള വാഹന ഗതാഗതം പൂർണമായും നിരോധിച്ചതായും അധികൃതർ അറിയിച്ചു.




കടലിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ പദ്ധതി കേന്ദ്ര ഫിഷറീസ് വകുപ്പ് സഹമന്ത്രി ജോർജ് കര്യൻ ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ സമീപം

## പ്രൊബേഷൻ ദിന പരിപാടിയുടെ ഉദ്ഘാടനം

സംസ്ഥാനതല പ്രൊബേഷൻദിന പരിപാടിയുടെ ഉദ്ഘാടനം നവംബർ 15ന് കേരള ലോ അക്കാദമി ഹാളിൽ നടക്കുന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ, സാമൂഹികനീതി വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു നിർവഹിക്കും. വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പ്രിയങ്ക ജി, സബ് ജഡ്ജ് എസ് ഷംനാദ്, സംസ്ഥാന പ്ലാനിങ് ബോർഡ് അംഗം പ്രൊഫ. മിനി സുകുമാർ, കേരള ലോ അക്കാദമി ഡയറക്ടർ പ്രൊഫ. കെ.അനിൽകുമാർ, ഡിപ്പാർട്ട്മെന്റ് ഓഫ് പ്രിസൺസ് ആൻഡ് കറക്ഷണൽ സർവീസസ് ചീഫ് വെൽഫെയർ ഓഫീസർ ലക്ഷ്മി കെ, സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ഡയറക്ടർ ജലജ എസ് എന്നിവർ സംബന്ധിക്കും. തുടർന്ന് വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നടക്കും.

കേരളത്തിന്റെ പ്രഥമ നിയമ മന്ത്രിയും പ്രഗൽഭനായ നിയമജ്ഞനുമായിരുന്ന ജസ്റ്റിസ് വി ആർ കൃഷ്ണയ്യരുടെ ജന്മദിനമായ നവംബർ 15 എല്ലാ വർഷവും സർക്കാർ പ്രൊബേഷൻ ദിനം അഥവാ സാമൂഹ്യ പ്രതിരോധ ദിനമായി ആചരിച്ചു വരികയാണ്. പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട്, 1958 പ്രകാരമുള്ള നല്ലനടപ്പ് സംവിധാനത്തെക്കുറിച്ചും, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ മാനസിക പരിവർത്തനവും സാമൂഹിക പുനരധവാസവും സംബന്ധിച്ചും സാമൂഹ്യ പ്രതിരോധ മേഖലയിൽ നടപ്പിലാക്കുന്ന സർക്കാർ പദ്ധതികളെക്കുറിച്ചും സമൂഹത്തിൽ അവബോധം സൃഷ്ടിക്കുകയാണ് പ്രൊബേഷൻ ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യം.

# ലോക പ്രമേഹരോഗ ദിനം നവംബർ 14 ആഗോള ആരോഗ്യ ശാക്തികരണം



ഡോ. പൗലസ്

170 രാജ്യങ്ങളിലെ 230 പ്രമേഹരോഗ സംഘടനകൾ അംഗങ്ങളായ ഇന്റർനാഷണൽ ഡയബറ്റിക് ഫെഡറേഷനും ലോകാരോഗ്യ സംഘടനയും നേതൃത്വം നൽകുന്ന പ്രമേഹരോഗ ദിനാചരണം 1991 നവംബർ 14നാണ് ആരംഭിച്ചത്. ഓരോ വർഷവും പ്രതിപാദ്യ വിഷയം വ്യത്യസ്തമായിരിക്കും. ഈ വർഷത്തെ പ്രതിപാദ്യ വിഷയം 'ആഗോള ആരോഗ്യ ശാക്തികരണം' എന്നതാണ്.

ഇന്ത്യയിലെ പ്രമേഹരോഗികളുടെ എണ്ണം ഏതാണ്ട് പത്ത് കോടിയാണ്. 8 ലക്ഷത്തോളം പ്രമേഹരോഗികൾ പ്രതിവർഷം മരണമടയുന്നു. അനിയന്ത്രിത പ്രമേഹരോഗികളിൽ ബ്ലഡ് പ്രഷർ, കൊളസ്ട്രോളിന്റെ കൂടുതൽ, ഹൃദ്രോഗം, ദുർമേദസ്സ്, പാദപ്രശ്നങ്ങൾ എന്നിവ കൂടുതലായി കാണുന്നു. ഐ സി എം ആർ ന്റെ നേതൃത്വത്തിൽ നടത്തിയ (2023) ഗവേഷണത്തിൽ കേരളത്തിൽ പ്രമേഹരോഗികൾ 23% വും പൂർവ്വ പ്രമേഹരോഗികൾ, 18% വും പ്രഷർ രോഗികൾ, 44% വും കൊളസ്ട്രോൾ കൂടുതലുള്ളവർ, 50% വും ദുർമേദസ്സുള്ളവർ, 47% വും (നഗരങ്ങളിൽ), മടിയന്മാർ (വ്യായാമം ചെയ്യാത്തവർ) 71% വുമാണ്. ശരീര വ്യായാമം ചെയ്യാത്തവരുടെ റാങ്കിങ്ങിൽ ഇന്ത്യ പന്ത്രണ്ടാം സ്ഥാനത്താണ്. ദുർമേദസ്സ് ഇന്ത്യയിൽ കുട്ടികളിലും കൂടുതലായി വരുന്നുണ്ട്. 75% പ്രമേഹരോഗികളും അവികസിത, വികസ്വര (പ്രതിശീർഷ വരുമാനം കുറവുള്ള) രാജ്യങ്ങളിലാണ്. സാമ്പത്തിക ബാദ്ധ്യത മൂലമുള്ള ആരോഗ്യ സംവിധാനങ്ങളുടെ കുറവു കൊണ്ട് പല രാജ്യങ്ങളിലും പ്രമേഹ രോഗികൾക്കും സമീകൃത ആഹാരമോ, മരുന്നുകളോ, ചികിത്സയോ കിട്ടുന്നില്ല.

1978ൽ ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ കസകിസ്ഥാനിലെ അൽമഅറ്റയിൽ വച്ച് നടന്ന സമ്മേളനത്തിൽ 'ഹെൽത്ത് ഫോർ ഓൾ 2000' എന്ന ഒരു പ്രമേയം പാസ്സാക്കി. അൽമഅറ്റ ഡിക്ലറേഷൻ എന്നാണ് ഇതിന്റെ പേര്. വിദ്യാഭ്യാസം, കിടപ്പിടം, ഭക്ഷണം എന്നത് പോലെ ആരോഗ്യവും ഒരു പൗരന്റെ മൗലികാവകാശമാണെന്നും ജാതി മത ഭേദമന്യേ എല്ലാവർക്കും ആരോഗ്യ സംരക്ഷണവും ചികിത്സകളും കിട്ടുവാൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് മുൻഗണന കൊടുക്കണമെന്നുമായിരുന്നു ഈ പ്രഖ്യാപനത്തിന്റെ ഉള്ളടക്കം. 1986ൽ ഒട്ടാവയിൽ വച്ച് (കാനഡ) ഈ പ്രഖ്യാപനത്തിലെ നിർദേശങ്ങൾ നടപ്പാക്കിയിട്ടുണ്ടോ എന്ന് നിരീക്ഷിക്കുവാനും പുരോഗതി വിശകലനം ചെയ്യുവാനും വേണ്ടി ലോകാരോഗ്യ സംഘടന ഒരു സമ്മേളനം നടത്തി. പാവപ്പെട്ടവനും അത്യാധുനിക ചികിത്സ കിട്ടുവാനും ആശുപത്രി സൗകര്യങ്ങൾ ലഭിക്കുവാനും മെഡിക്കൽ കോളജ്, ജില്ലാ ആശുപത്രികൾ എന്നിവ കൂടാതെ എല്ലാ പഞ്ചായത്തിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനും ഉള്ള നിർദേശങ്ങളാണ് (ഇപ്പോഴും നൂറു ശതമാനം നടപ്പിലാക്കുവാൻ സാധിക്കാത്ത) 'അൽമഅറ്റ' പ്രഖ്യാപനത്തിന്റെ ഉള്ളടക്കത്തിലുള്ളത് കേരളത്തിൽ 1000ൽ താഴെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉണ്ട്. ചില പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഏത് സമയത്തും രോഗികൾക്ക് ചികിത്സ കിട്ടുന്ന സൗകര്യങ്ങൾ ഉള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും വേണ്ടത്ര ഡോക്ടർമാരോ, മരുന്നുകളോ, ലബോറട്ടറികളോ, നൂതന രോഗ നിർണ്ണയ സജ്ജീകരണങ്ങളോ ഇല്ല. അത് മൂലം പാവപ്പെട്ടവർ പോലും പ്രൈവറ്റ് ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ പൊതുജനങ്ങൾക്ക് വിശ്വാസ്യമായി ആശ്രയിക്കുവാൻ സാധിക്കാവുന്ന രീതിയിൽ വിപുലപ്പെടുത്തിയാൽ, വികസിപ്പിച്ചാൽ, മാത്രമെ ആഗോള ആരോഗ്യ ശക്തികരണം സാധിക്കുകയുള്ളൂ. അതിനു വേണ്ടിയുള്ള നടപടികൾ ഗവൺമെന്റും സ്വകാര്യ സംഘടനകളും ഈ പ്രമേഹരോഗ ദിനത്തിൽ ആരംഭിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലാണല്ലോ നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ.

# ബീമാപള്ളി ഉറൂസ് ഡിസംബർ 3 മുതൽ 13 വരെ

തിരുവനന്തപുരം : ഈ വർഷത്തെ ബീമാപള്ളി ഉറൂസ് ഉത്സവം ഡിസംബർ മൂന്ന് മുതൽ 13 വരെ നടക്കും. ഉറൂസ് നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിലിന്റെ അധ്യക്ഷതയിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. ആന്റണി രാജു എം. എൽ. എ സന്നിഹിതനായിരുന്നു.

തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മുൻ വർഷത്തെക്കാൾ മികച്ച രീതിയിൽ ഉറൂസ് ഉത്സവം നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദേശം നൽകി. ഉറൂസ് നടത്തിപ്പിന്റെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി സബ് കളക്ടർ ആൽഫ്രഡ് ഒ. വിയെ നോഡൽ ഓഫീസറായി യോഗം ചുമതലപ്പെടുത്തി. ഉറൂസ് പ്രമാണിച്ച് ഡിസംബർ മൂന്നിന് തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ പ്രാദേശിക അവധി പ്രഖ്യാപിക്കും.

തീർത്ഥാടകരുടെ സുരക്ഷക്കും ക്രമസമാധാന പാലനത്തിനുമായി കൂടുതൽ പോലീസുകാരെ വിന്യസിക്കുന്നതിനും സിസിടിവി കാമറകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കും. ബീമാപള്ളിയിലേക്കുള്ള റോഡുകളുടെയും തെരുവ് വിളക്കുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കും. ഉത്സവമേഖലയിലെ മാലിന്യ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനും യോഗത്തിൽ തീരുമാനമായി.

സെക്രട്ടേറിയേറ്റ് അനക്സ് രണ്ടിലെ ലയം ഹാളിൽ ചേർന്ന യോഗത്തിൽ മേയർ ആര്യാ രാജേന്ദ്രൻ, ജില്ലാ കളക്ടർ അനുകുമാരി, സബ്കളക്ടർ ആൽഫ്രഡ് ഒ. വി, അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർ ജേക്കബ് സഞ്ജയ് ജോൺ, ഡി. സി. പി ബി. വി വിജയ് ഭാരത് റെഡ്ഡി, കൗൺസിലർമാരായ ജെ. സുധീർ, മിലാനി പെരേര, ബീമാപ്പള്ളി ജമാഅത് പ്രസിഡന്റ് എം. പി അസീസ്, ജനറൽ സെക്രട്ടറി ബാദുഷ സെയ്നി തുടങ്ങിയവരും പൊലീസ്, ആരോഗ്യം, ജലസേചനം, കെ. എസ്. ഇ. ബി, കെ. എസ്. ആർ. ടി. സി, അഗ്നിരക്ഷാസേന, എക്സൈസ് ഉൾപ്പെടെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും തിരുവനന്തപുരം കോർപ്പറേഷൻ ഉദ്യോഗസ്ഥരും പങ്കെടുത്തു.

# പോളിംഗിലെ ഇടിവ് ബാധിക്കില്ല; രാഹുൽ നേടിയതിനേക്കാൾ ഭൂരിപക്ഷം പ്രിയങ്ക നേടുമെന്ന് സതീശൻ

തിരുവനന്തപുരം: വയനാട് ലോക്സഭാ മണ്ഡലത്തിലെ പോളിംഗ് ശതമാനത്തിൽ വന്ന ഇടിവ് യുഡിഎഫിനെ ബാധിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. 2019 ൽ രാഹുൽ ഗാന്ധി നേടിയതിനേക്കാൾ ഭൂരിപക്ഷം പ്രിയങ്ക നേടുമെന്നും സതീശൻ പറഞ്ഞു.

എൻഡിഎ, എൽഡിഎഫ് കേന്ദ്രങ്ങളിൽ വോട്ട് ശതമാനത്തിൽ കുറവ് വന്നിരിക്കാം എന്നും അദ്ദേഹം പറഞ്ഞു. വയനാട്ടിലെ പോളിംഗ് കുത്തനെ ഇടിഞ്ഞ സാഹചര്യമാണുള്ളത്. 63.59 ശതമാനമാണ് വയനാട്ടിൽ ഇതുവരെ പോൾ ചെയ്ത വോട്ടുകൾ.

വയനാട്ടിലെ പോളിംഗ് ഇടിവിലെ കണക്കുകൂട്ടലിലാണ് മുന്നണികൾ. എതിർ കക്ഷികളുടെ വോട്ടുകളിലാണ് ഇടിവ് വന്നതെന്ന ആരോപണമാണ് ക്യാമ്പുകളിൽനിന്ന് വരുന്നത്.

അതേസമയം ചേലക്കരയിൽ വലിയ പോളിംഗാണ് ഇതുവരേ രേഘപ്പെടുത്തിയത്. 73 ശതമാനത്തിന് മുകളിലേക്കാണ് ചേലക്കരയിലെ പോളിംഗ് നീങ്ങിക്കൊണ്ടിരിക്കുന്നത്. നീണ്ട ക്യൂവാണ് ഇപ്പോളും ചേലക്കരയിലെ ബൂത്തുകളിൽ കാണാനാകുന്നത്.

## ഓൺലൈൻ മത്സരം

2025 ജനുവരി 7 മുതൽ 13 വരെ നിയമസഭാ സമുച്ചയത്തിൽ നടത്തുന്ന കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിനോടനുബന്ധിച്ച് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പുസ്തകാസ്വാദനം, പദ്യപാരായണം, ഒരു കഥ പറയാം, കാർട്ടൂൺ എന്നീ ഇനങ്ങളിൽ ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിക്കും. കൂടുതൽ വിവരങ്ങൾക്കായി klibf.niyamasabha.org വെബ്സൈറ്റ് സന്ദർശിക്കുക.

# അടി, പെരുമാറ്റദൂഷ്യം, ക്രമക്കേട്... നാലു വർഷത്തിനിടെ 24 സ്കൂൾ അധ്യാപകർക്കെതിരേ നടപടി

കൊച്ചി: കഴിഞ്ഞ നാലു വർഷത്തിനിടെ വിദ്യാർഥികളുടെയുൾപ്പെടെ പരാതിയിൽ നടപടിയെടുത്തത് 24 അധ്യാപകർക്കെതിരേ. വിദ്യാർഥികളെ വടികൊണ്ട് അടിച്ചതും മോശമായി പെരുമാറിയതും ഉൾപ്പെടെയുള്ള പരാതികളിലാണു പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നടപടി.

തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവുമധികം അധ്യാപകർക്കെതിരേ നടപടിയെടുത്തിട്ടുള്ളത്. 2021 മുതൽ ഇതുവരെ ഏഴ് അധ്യാപകർക്കെതിരേ ജില്ലയിൽ നടപടിയെടുത്തു. കോഴിക്കോട്നാല്, തൃശൂർമൂന്ന്, പത്തനംതിട്ട, കൊല്ലം, മലപ്പുറം എന്നിവിടങ്ങളിൽ രണ്ടു വീതം, കാസർകോഡ്, വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിൽ ഒന്നു വീതവും അധ്യാപകർക്കെതിരേ കേസുകളുണ്ട്.

നടപടികൾക്കു വിധേയരായ 12 പേരും ഹൈസ്കൂൾ അധ്യാപകരാണ്. യുപി, എൽപി അധ്യാപകർ അഞ്ചു വീതവും ഡയറ്റിലെ രണ്ടു പേരും നടപടികൾ നേരിട്ടവരിലുണ്ട്. ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ അധ്യാപകർക്കെതിരേ നാലു വർഷത്തിനിടെ പരാതികളും നടപടികളും ഉണ്ടായിട്ടില്ല.

വിദ്യാർഥിയുടെ ആത്മഹത്യാശ്രമം, രക്ഷാകർത്താക്കളുടെ പരാതി, സ്വകാര്യ ട്യൂഷൻ, സ്കൂൾ, പരീക്ഷാ നടത്തിപ്പുകളിലെ ക്രമക്കേട് തുടങ്ങിയ പരാതികളാണ് വിവിധ അധ്യാപകർക്കെതിരേ ഉയർന്നത്.

അതേസമയം പരാതികൾ ഉയർന്ന അധ്യാപകരിൽ ആരെയും ഇക്കാലയളവിൽ സർവീസിൽനിന്നു പിരിച്ചുവിട്ടിട്ടില്ലെന്നും പൊതുപ്രവർത്തകനായ രാജു വാഴക്കാലയ്ക്കു വിവരാവകാശ നിയമപ്രകാരം സർക്കാർ നൽകിയ രേഖകളിൽ വ്യക്തമാക്കുന്നു.

ക്രിമിനൽ കേസും ജയിലും ഒഴിവാക്കാൻ സ്കൂളുകളിൽ അധ്യാപകർ വിദ്യാർഥികളെ പേടിച്ചു കഴിയേണ്ട സ്ഥിതിയുണ്ടെന്നു ഹൈക്കോടതി കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു.